റബ്ബർ

ഒക്ടോബർ 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർകൃഷിധനസഹായത്തിന് അപേക്ഷിക്കാം
- ഉയർന്ന ഉത്പാദനത്തിനായി റബ്ബർമരങ്ങളെ ഒരുക്കിയെടുക്കുക
- ചില ജാലകക്കാഴ്ചകൾ
- നാലരപ്പതിറ്റാണ്ടിലെ റബ്ബർമാസികകളുമായി സദാനന്ദൻ
- ടാപ്പിങ് വെല്ലുവിളി ഏറ്റെടുത്ത സ്ത്രീശക്തി

രണ്ടാംഗഡു വളപ്രയോഗം

CHEERAKUZHY

Wonder Root™

ROOT TRAINER RU BBER PLANT

മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ

രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ

കെ.സി.കുര്യാക്കോസിന്റെ നഴ്സറി

സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.

വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!

കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400

ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക

ചീരക്കുഴി ®
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

UNION MKD

ഉള്ളടക്കം

06 | രണ്ടാംഗഡു വളമിടാൻ സമയമായി

09 | റബ്ബർകൃഷിധനസഹായത്തിന് അപേക്ഷിക്കാം

13 | ഉയർന്ന ഉത്പാദനത്തിനായി റബ്ബർമരങ്ങളെ ഒരുക്കിയെടുക്കുക

16 | ചില ജാലകക്കാഴ്ചകൾ

19 | നാലരപ്പതിറ്റാണ്ടിലെ റബ്ബർമാസികകളുമായി സദാനന്ദൻ

22 | ടാപ്പിങ് വെല്ലുവിളി ഏറ്റെടുത്ത സ്ത്രീശക്തി

24 | സഹികയുടെ വിജയഗാഥ

27 | കോൾ സെന്റർ

33 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ

713

റബ്ബർ

ഒക്ടോബർ 2025

റബ്ബർബോർഡ്
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ
കെസാങ് വൈ. ഷെർപ്പ ഐ.ആർ.എസ്.

എക്സിക്യൂട്ടീവ് ഡയറക്ടർ :
എം. വസന്തഗേശൻ ഐ.ആർ.എസ്.

എഡിറ്റർ :
ബി. ശ്രീകുമാർ

അസിസ്റ്റന്റ് എഡിറ്റർ :
കെ.കെ. ബെന്നി

വാർഷികവരിസംഖ്യ: 100 രൂപ

വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.

പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

പദ്ധതിയാനുകൂല്യങ്ങൾക്കായി

അപേക്ഷകൾ സമർപ്പിക്കാം

റബ്ബർകൃഷിവികസനപദ്ധതി ഉൾപ്പെടെയുള്ള റബ്ബർബോർഡിന്റെ കാലാകാലങ്ങളിലുള്ള വിവിധ പദ്ധതികൾ രാജ്യത്തെ റബ്ബർകൃഷിയുടെ വികസനത്തിൽ വഹിച്ച പങ്ക് വലുതാണ്. പദ്ധതികളുടെ വിജയം അതിന്റെ ശരിയായ വിനിയോഗത്തെ ആശ്രയിച്ചിരിക്കുന്നു. റബ്ബർബോർഡ് 2025-26 കാലയളവിൽ നടപ്പാക്കുന്ന വിവിധ കർഷകക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾക്കായി അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

'സർവീസ് പ്ലസ്' എന്ന വെബ് പോർട്ടൽ വഴി ഓൺലൈനായാണ് അപേക്ഷകൾ സമർപിക്കേണ്ടത്. ഇതിന്റെ ലിങ്ക് റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) ലഭ്യമാണ്. 2025-ൽ തോട്ടങ്ങളിൽ രോഗപ്രതിരോധത്തിനായി മരുന്നുതളിയും മഴക്കാല ടാപ്പിങ്ങിനായി റെയിൻഗാർഡിങ്ങും നടത്തിയ കർഷകർക്ക് റബ്ബറുത്പാദകസംഘങ്ങൾ വഴി സാമ്പത്തിക സഹായം ലഭിക്കുന്നതിനും 'സർവ്വീസ് പ്ലസ്' പോർട്ടലിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷകൾ നൽകേണ്ടത്. ഈ ആനുകൂല്യങ്ങൾക്കായി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട റബ്ബറുത്പാദകസംഘങ്ങളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

അപേക്ഷകൾ സമർപ്പിക്കുന്നത് ആവശ്യമായ രേഖകൾ സഹിതം ശരിയായ വിധമല്ലെങ്കിൽ അവ നിരസിക്കപ്പെട്ടേക്കാം. ഇത് ഒഴിവാക്കാൻ ഓരോ പദ്ധതിക്കും അപേക്ഷ സമർപ്പിക്കാനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്ക് മുമ്പായി വളരെ ശ്രദ്ധിച്ചു വേണം അപേക്ഷകൾ സമർപ്പിക്കാൻ.

'സർവ്വീസ് പ്ലസ്' പോർട്ടൽ വഴി അപേക്ഷകൾ എങ്ങനെയാണ് സമർപ്പിക്കേണ്ടത് എന്ന് വിശദീകരിക്കുന്ന ഒരു ലേഖനം ഒക്ടോബർ മാസത്തെ റബ്ബർമാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംശയങ്ങൾ ദൂരീകരിക്കുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായും ബന്ധപ്പെടാവുന്നതാണ്.

- എഡിറ്റർ

റബ്ബറുത്പാദനം വർദ്ധിപ്പിച്ച് അവസരങ്ങൾ പ്രയോജനപ്പെടുത്തുക

കേന്ദ്രസർക്കാർ ജി.എസ്.റ്റി. നിരക്കുകൾ കുറച്ചത് രാജ്യത്തെ ആട്ടോമൊബൈൽ വ്യവസായത്തെ ഉത്തേജിപ്പിക്കാൻ സഹായകമാകും. അതുവഴി പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകത ഇവിടെ കൂടാൻ സാധ്യതയുണ്ട്. അന്താരാഷ്ട്രതലത്തിൽ നിലവിലെ സാഹചര്യങ്ങൾ ചൈനയുമായുള്ള ഇന്ത്യയുടെ വ്യാപാരബന്ധങ്ങൾക്ക് കരുത്തുപകരുന്നതാണ്. ഇത് റബ്ബറിന്റെ ആവശ്യകത വർധിപ്പിക്കുന്നതിന് കാരണമാകാം. ആവശ്യകത വർധിക്കുന്നത് വില ഉയരാൻ ഇടയാക്കും. ഈ സമയം റബ്ബർകർഷകർ തോട്ടങ്ങളിൽനിന്നുള്ള ഉത്പാദനം വർധിപ്പിച്ചും ഷീറ്റുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തിയും ഉത്പന്നങ്ങൾക്ക് പരമാവധി വില നേടിയെടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

യൂറോപ്യൻ യൂണിയൻ വനനാശന നിയന്ത്രണങ്ങൾ (EUDR) പോലുള്ള അന്താരാഷ്ട്ര നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരുന്നത് റബ്ബറിന്റെ വില വർദ്ധിക്കുന്നതിന് കാരണമാകും. ഇ.യു.ഡി.ആർ. നിബന്ധനകൾ പാലിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും റബ്ബർബോർഡ് സ്വീകരിച്ചുവരുന്നു.

കഴിഞ്ഞവർഷം രാജ്യത്ത് പ്രകൃതിദത്ത റബ്ബറുത്പാദനം 8,75,000 ടൺ ആയിരുന്നു, ഉപഭോഗം 14,10,000 ടണ്ണും. അഞ്ചു ലക്ഷത്തിലധികം ടൺ റബ്ബർ ഇറക്കുമതി ചെയ്യുകയുണ്ടായി. റബ്ബറിന്റെ ഇറക്കുമതി വർധിക്കുന്നത് വില കുറയുന്നതിന് കാരണമാകും. ഈ വർഷം പ്രതീക്ഷിക്കുന്ന ഉത്പാദനം 9,00,000 ടൺ ആണ്. പ്രതീക്ഷിക്കുന്ന ഉപഭോഗം 14,30,000 ടണ്ണും ആണ്. അതിനാൽ ഇതിനകം തന്നെ ഉത്പാദനത്തിനും ഉപഭോഗത്തിനും ഇടയിൽ അന്തരം പ്രതീക്ഷിക്കുന്നു.

കേരളത്തിൽ മഴയുടെ കാഠിന്യം കുറഞ്ഞു വരുന്നു. അതിനാൽ കർഷകർക്ക് മുടക്കമില്ലാതെ ടാപ്പിങ് നടത്താൻ സാധിക്കും. മരങ്ങൾ റെയിൻഗാർഡ് ചെയ്യാത്തതിനാൽ ഇതുവരെ ടാപ്പിങ് ആരംഭിച്ചിട്ടില്ലാത്ത നിരവധി തോട്ടങ്ങളുണ്ട്. റെയിൻഗാർഡ് ചെയ്യാത്ത മരങ്ങളിൽ മഴ മാറുന്ന മുറയ്ക്ക് ടാപ്പിങ് ആരംഭിക്കണം.

റബ്ബർമരങ്ങളുടെ ഉത്പാദനവും വിളവെടുപ്പുകാലവും കൂട്ടാനുതകുന്ന ടാപ്പിങ് രീതിയായ നിയന്ത്രിതകമിഴ്ത്തിവെട്ട് (CUT) റബ്ബർബോർഡ് പ്രോത്സാഹിപ്പിച്ചുവരുന്നു. 'എ' പാനലിലും 'ബി' പാനലിലും ടാപ്പിങ് പൂർത്തിയായ മരങ്ങളിൽ നിന്ന് മികച്ച ഉത്പാദനം ലഭ്യമാക്കുന്ന ഒരു സാങ്കേതിക വിദ്യയാണിത്. നീളമുള്ള കൈപ്പിടിയുള്ളതും പ്രത്യേകം രൂപകൽപന ചെയ്തതുമായ കത്തി ഉപയോഗിച്ച് ഇതിനകം ടാപ്പു ചെയ്തുകഴിഞ്ഞ പട്ടയുടെ മുകൾഭാഗത്തുള്ള അസ്സൽപട്ടയിൽ നിയന്ത്രിതമായി ടാപ്പുചെയ്യുന്ന രീതിയാണിത്. മഴ മാറുന്ന മുറയ്ക്ക് ഈ ടാപ്പിങ്രീതി നടപ്പാക്കാം. വേനൽകാലം മുഴുവനും ഈ ടാപ്പിങ്രീതി തുടരുകയും മഴക്കാലമാകുമ്പോൾ താഴെയുള്ള പട്ടയിൽ റെയിൻഗാർഡ് ചെയ്ത് സാധാരണ ടാപ്പിങ് നടത്തുകയും ചെയ്യാം.

അതുപോലെ റബ്ബർബോർഡ് ശുപാർശ ചെയ്യുന്ന ഇടവേള കൂടിയ ടാപ്പിങ്രീതികളും കർഷകർ പ്രാവർത്തികമാക്കണം. ഈ രീതി, കൂലിച്ചെലവ് കുറയ്ക്കുന്നതിനും മരങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

കർഷകർ അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി റബ്ബർമരങ്ങളിൽ നിന്ന് പരമാവധി വിളവ് നേടാൻ ശ്രമിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

ഡോ. അമ്പിളി കെ.കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

രണ്ടാംഗഡു

വളമിടാൻ സമയമായി

റബ്ബർബോർഡ് ശുപാർശപ്രകാരം റബ്ബറിന് വർഷത്തിൽ രണ്ടുപ്രാവശ്യമായിട്ടാണ് വളമിടേണ്ടത്. ആദ്യഗഡു ഏപ്രിൽ–മെയ് മാസത്തിലും രണ്ടാംഗഡു സെപ്റ്റംബർ–ഒക്ടോബർ മാസത്തിലുമായി രണ്ടു തുല്യതവണകളായാണ് വളം നൽകേണ്ടത്.

റബ്ബറിന്റെ വളർച്ചയ്ക്കും ഉത്പാദനത്തിനും ആവശ്യമായ പോഷണം ലഭിക്കുന്നതിന് വളപ്രയോഗം ആവശ്യമാണ്. നഴ്സറിക്കാലം, അപക്വകാലഘട്ടം (immature phase), പക്വകാലഘട്ടം (mature phase) എന്നിങ്ങനെ വിവിധ ഘട്ടങ്ങളായാണ് റബ്ബറിന്റെ വളർച്ചയെ തരംതിരിച്ചിരിക്കുന്നത്. ഈ ഘട്ടങ്ങളിലേക്കുള്ള വളപ്രയോഗശുപാർശകൾ വ്യത്യസ്തമാണ്. സാധാരണമായി കർഷകർക്ക് അപക്വകാലം (1–4 വർഷം വരെ), പക്വകാലം (5–ാം വർഷം മുതൽ–ടാപ്പു ചെയ്ത് ആദായമെടുക്കുന്ന കാലഘട്ടം ഉൾപ്പെടെ) എന്നീ സമയങ്ങളിലെ വളപ്രയോഗ ശുപാർശയാണ് ആവശ്യമുള്ളത്. ഇങ്ങനെ വിവിധ രീതിയിലുള്ള വളപ്രയോഗശുപാർശകൾ താഴെ കൊടുത്തിരിക്കുന്നു.

പൊതുവളപ്രയോഗ ശുപാർശ (General Fertilizer Recommendation - GFR)

മണ്ണിന്റെ പ്രത്യേകതയോ പോഷകമൂലകങ്ങളുടെ ലഭ്യതയോ കണക്കിലെടുക്കാതെ എല്ലാ സ്ഥലത്തേക്കുമുള്ള ഒരു വളപ്രയോഗശുപാർശയാണിത്. ഇതിൽ തന്നെ പരമ്പരാഗതമേഖല (കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല, കർണാടകയിലെ കുറച്ചുഭാഗങ്ങൾ എന്നിവ ചേർന്നുള്ള സ്ഥലങ്ങൾ) -യിലേക്ക് പൊതുവായി വളപ്രയോഗശുപാർശയുണ്ട്. കൂടാതെ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (North-Eastern States), മറ്റ് പരമ്പരാഗതമല്ലാത്ത പ്രദേശങ്ങൾ (Non-Traditional Region) എന്നിവിടങ്ങളിലേക്കും പ്രത്യേകം വളപ്രയോഗശുപാർശയുണ്ട്.

പരമ്പരാഗത മേഖലയിൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം,

പട്ടിക ഒന്ന്: പരമ്പരാഗതമേഖല (കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല, കർണാടകയുടെ ചില ഭാഗങ്ങൾ) -കളിലെ ഒന്നു മുതൽ നാലു വരെ വർഷം പ്രായമുള്ള റബ്ബർതൈകൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതു വളപ്രയോഗശുപാർശ

മരങ്ങളുടെ പ്രായം	നേർവളങ്ങൾ (ഗ്രാമിൽ ഒരു തൈയ്ക്ക്)							
	യൂറിയ (46% നൈട്രജൻ)		റോക്ക് ഫോസ്ഫേറ്റ് (18% P_2O_5)		മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (60% K_2O)		മഗ്നീഷ്യം സൾഫേറ്റ് (16% MgO***)	
	ഏപ്രിൽ/ മെയ്	സെപ്റ്റംബർ/ ഒക്ടോബർ	ഏപ്രിൽ/ മെയ്	സെപ്റ്റംബർ/ ഒക്ടോബർ	ഏപ്രിൽ/ മെയ്	സെപ്റ്റംബർ/ ഒക്ടോബർ	ഏപ്രിൽ/ മെയ്	സെപ്റ്റംബർ/ ഒക്ടോബർ
ഒന്നാംവർഷം*	-	100	-	250	-	30	-	40
രണ്ടാംവർഷം	100	100	250	250	30	30	40	40
മൂന്നാംവർഷം	120	120	300	300	40	40	50	50
നാലാംവർഷം **	100	100	250	250	30	30	40	40

** -ബഡ്ഡുതൈകളാണ് നടുന്നതെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന വളത്തിന്റെ പകുതി ആദ്യവർഷം നൽകാവുന്നതാണ്*

*** - തോട്ടപ്പയറോ ഇടവിളകളോ ഇല്ലാത്ത തോട്ടങ്ങളിൽ മൂന്നാം വർഷത്തെ അളവ് തന്നെ നാലാം വർഷവും നൽകാം.*

ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ മഗ്നീഷ്യം സൾഫേറ്റ് ചേർത്തുകൊടുക്കണം. എന്നാൽ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ മഗ്നീഷ്യത്തിന്റെ കുറവ് ചെടികളിൽ പ്രകടമാണെങ്കിൽ മാത്രം ചേർത്തു കൊടുത്താൽ മതി. ഇവിടങ്ങളിൽ പൊതുവെ മണ്ണിൽ മഗ്നീഷ്യത്തിന്റെ അളവ് കൂടുതലായിരിക്കും.

പരമ്പരാഗത മേഖലയിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെയുള്ള) മരങ്ങൾക്ക് വളമിശ്രിതങ്ങൾ ഉപയോഗിച്ചും വളപ്രയോഗം നടത്താം. 12-8-12 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 250 കിലോഗ്രാം മതിയാകും. 10-10-10 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 200 കി. ഗ്രാം മിശ്രിതത്തിന്റെ കൂടെ 20 കി. ഗ്രാം യൂറിയയും 15 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്ത് ഉപയോഗിക്കണം.

പട്ടിക രണ്ട്: പരമ്പരാഗത മേഖലയിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെ) മരങ്ങൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതുവളപ്രയോഗ ശുപാർശ

മരങ്ങളുടെപ്രായം	**നേർവളങ്ങൾ (കി.ഗ്രാം/ഹെക്ടർ/വർഷം)**		
	യൂറിയ	**റോക്ക് ഫോസ്ഫേറ്റ്**	**പൊട്ടാഷ്**
5-ാം വർഷം മുതൽ (ടാപ്പു ചെയ്യുന്ന മരങ്ങൾ ഉൾപ്പെടെ) 30-20-30 കി.ഗ്രാം എൻ.പി.കെ./ഹെക്ടർ/ വർഷം	65*	110*	50*

** - ഈ വളങ്ങൾ രണ്ടു തുല്യതവണകളായി ഏപ്രിൽ-മെയ്, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നൽകാവുന്നതാണ്.*

പട്ടിക മൂന്ന്: പാരമ്പര്യേതരമേഖലകളിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെയുള്ള) മരങ്ങൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതുവളപ്രയോഗ ശുപാർശ (ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക്)

വിവിധ മേഖലകൾ	വളങ്ങളുടെ അളവ് (കി.ഗ്രാം)			സൂക്ഷ്മമൂലകങ്ങളുടെ അളവ് (കി.ഗ്രാം)	
	യൂറിയ	റോക്ക് ഫോസ്ഫേറ്റ്	മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്	ബൊറാക്സ് (ഒരുപ്രാവശ്യം മാത്രം)	സിങ്ക് സൾഫേറ്റ് (ഒരുപ്രാവശ്യം മാത്രം)
കർണ്ണാടക, കൊങ്കൺ പ്രദേശം (ഗോവ, മഹാരാഷ്ട്ര)	65	165	50	10	25
ആന്ധ്രാപ്രദേശ് *	40	65* (DAP)	50	–	–
ഒഡീഷ	65	165	40	10	25
അരുണാചൽ പ്രദേശ് അസം, മണിപ്പൂർ മേഘാലയ, ത്രിപുര, നാഗാലാന്റ്, പശ്ചിമ ബംഗാൾ	75	195	60	10	25
മിസോറാം	75	195	50	10	–

**– ആന്ധ്രാപ്രദേശിൽ റോക്ക് ഫോസ്ഫേറ്റിനു പകരം ഡൈ അമോണിയം ഫോസ്ഫേറ്റ് (DAP) ഉപയോഗിക്കണം.*

20-20-0 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 100 കി. ഗ്രാം മിശ്രിതത്തിന്റെ കൂടെ 20 കി. ഗ്രാം യൂറിയയും 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്ത് ഉപയോഗിക്കണം.

സൂക്ഷ്മ മൂലകങ്ങൾ

സൂക്ഷ്മ മൂലകങ്ങളായ ബോറോണിന്റെ കുറവനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹെക്ടറിന് 10 കി. ഗ്രാം ബൊറാക്സും സിങ്കിന്റെ കുറവനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹെക്ടറിന് 25 കി. ഗ്രാം സിങ്ക് സൾഫേറ്റും ഒരു പ്രാവശ്യം മാത്രം ചേർത്തു കൊടുക്കാം.



മറ്റ് പൊതുശുപാർശകൾ

1. മണ്ണിൽ നല്ല ജൈവാംശവും ഒരു മീറ്ററിലധികം മണ്ണാഴവും ഉള്ളപ്പോൾ മൂന്നു വർഷം തുടർച്ചയായി വളം ഇടാതിരിക്കാവുന്നതാണ്. എന്നാൽ അതിനുശേഷം നിർബന്ധമായും മണ്ണ്, ഇല എന്നിവ പരിശോധിച്ച് പോഷകമൂലകങ്ങളുടെ അഭാവം മണ്ണിലില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പിന്നീട് വളം ഇടാതിരിക്കാവൂ. എന്നാൽ പോഷക മൂലകങ്ങളുടെ കുറവോ അസന്തുലിതാവസ്ഥയോ കണ്ടാൽ തീർച്ചയായും വളപ്രയോഗം നടത്തേണ്ടതാണ്.

2. മണ്ണിലെ pH മൂല്യം 5-ൽ താഴെയും കാൽസ്യത്തിന്റെ അളവ് 100 മി. ഗ്രാം / കി. ഗ്രാമിൽ (mg/kg) കുറവും ആകുകയാണെങ്കിൽ പൊടിച്ച നീറ്റുകക്ക 1-1.5 കി.ഗ്രാം ഒരു മരത്തിന് (പക്വകാലത്ത്) എന്ന കണക്കിൽ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം (യൂറിയ, റോക്ക് ഫോസ്ഫേറ്റ്, പൊട്ടാഷ്) ഇവ ചേർത്തു കൊടുക്കുന്നതിന് രണ്ടാഴ്ചമുൻപ് മണ്ണിൽ ആവശ്യത്തിന് ഈർപ്പമുള്ളപ്പോൾ ചേർത്തുകൊടുക്കാവുന്നതാണ്.

സൂക്ഷ്മമൂലകങ്ങൾ പ്രധാനവളങ്ങൾ ചേർത്ത് രണ്ടാഴ്ച കഴിഞ്ഞ് മണ്ണിൽ ഈർപ്പമുള്ളപ്പോൾ ചേർത്തു കൊടുക്കേണ്ടതാണ്.

3. വിവേചനാപൂർവ്വകമായ വളപ്രയോഗം (Discriminatory Fertilizer Recommendation) - DFR) എന്നത് മണ്ണും ഇലയും പരിശോധിച്ച് അതതു തോട്ടങ്ങളിലെ പോഷകസ്ഥിതിക്കനുസരിച്ച് ആവശ്യമായ വളങ്ങൾ മാത്രം വേണ്ടത്ര അളവിൽ ചേർത്തുകൊടുക്കുന്ന രീതിയാണ്. മണ്ണിലെ പോഷകമൂലകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് യോജിച്ച ഈ വളപ്രയോഗ രീതി വളരെ ചെലവ് കുറഞ്ഞതുമാണ്. ഇതിനായി തോട്ടത്തിലെ മണ്ണിന്റെയും ഇലയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനാവിധേയമാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2353311 എക്സ്റ്റൻഷൻ നമ്പർ – 321, 303 അല്ലെങ്കിൽ റബ്ബർബോർഡ് കോൾസെന്റർ – 0481 2576622

4. **റബ്സിസ് (RubSIS):** റബ്ബർബോർഡ് നടത്തിയ മണ്ണുസർവെയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു ഓൺലൈൻ വളപ്രയോഗശുപാർശയാണിത്. റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) ഇതിന്റെ ലിങ്ക് (link) ലഭ്യമാണ്. •



ചന്ദ്രലേഖ കെ.
ഡെവലപ്മെന്റ് ഓഫീസർ

റബ്ബർകൃഷിധനസഹായത്തിന് അപേക്ഷിക്കാം

റബ്ബർകൃഷിക്ക് ധനസഹായം നൽകുന്നതിന് റബ്ബർബോർഡ് അപേക്ഷ ക്ഷണിച്ചു. 2025 വർഷത്തിൽ ആവർത്തനക്കൃഷിയോ പുതുകൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി നാല് ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി 2025 ഒക്ടോബർ 31-നകം അപേക്ഷകൾ സമർപ്പിക്കാം.

അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാർ കാർഡ്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക്, റബ്ബർതൈ വാങ്ങിയതിന്റെ ബില്ല്, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി കൃഷിധനസഹായമായി 25,000 രൂപയും നടീൽവസ്തുവായി കപ്പു തൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്ക് 15,000 രൂപയും ചേർത്ത് ആകെ 40,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനു ശേഷം അർഹമായ ധനസഹായം രണ്ടു ഗഡുക്കളായി (ഒന്നാം വർഷവും മൂന്നാം വർഷവും) കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾ സെന്റർ (0481 2576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ താഴെ പറയുന്ന രേഖകൾ pdf ഫോർമാറ്റാക്കി അപ്ലോഡ് ചെയ്യുക

1. **തിരിച്ചറിയൽ രേഖ**
   തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് ആവശ്യമാണ്.
2. **ബാങ്ക് പാസ്ബുക്ക്**
   ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ളതും പ്രവർത്തനനിരതമായതുമായ ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക് ആണ് വേണ്ടത്. പേര്, മേൽവിലാസം, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.കോഡ് തുടങ്ങിയവ സംബന്ധിച്ച രേഖകൾ നൽകിയിരിക്കണം.
3. **ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ**
   ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന ഉടമസ്ഥതാ സർട്ടിഫിക്കറ്റ് അഥവാ 'പൊസഷൻ സർട്ടിഫിക്കറ്റ്' അപ്ലോഡ് ചെയ്യണം.

4. **സ്ഥലത്തിന്റെ സ്കെച്ച്**
തോട്ടത്തിന്റെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയതും സ്ഥലത്തിന്റെ കിടപ്പ് നന്നായി മനസ്സിലാകുന്ന രീതിയിലുള്ളതുമായ സ്കെച്ച് ആവശ്യമാണ്. സർവേയർ തയ്യാറാക്കിയിട്ടുള്ള സർവേപ്ലാൻ കൈവശം ഉണ്ടെങ്കിൽ അത് അപ്‌ലോഡ് ചെയ്യാവുന്നതാണ്.
5. **തൈകൾ വാങ്ങിയ ബില്ല്**
നടീൽവസ്തുവായി കപ്പുതൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്കുള്ള ആനുകൂല്യം ലഭിക്കാൻ തൈകൾ വാങ്ങിയപ്പോൾ നഴ്സറികളിൽനിന്ന് ലഭിച്ച ബില്ല് അപ്‌ലോഡ് ചെയ്യണം.
6. **നോമിനി ഫോം**
കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ ഉടമകളിൽ ഒരാളെ ധനസഹായം വാങ്ങാൻ ചുമതലപ്പെടുത്തുന്ന 'നോമിനി ഫോം' (അനെക്സർ-1) ശരിയായ രീതിയിൽ പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യണം:
7. **മുക്ത്യാർ**
മുക്ത്യാർ ഉള്ള സ്ഥലമാണെങ്കിൽ അനെക്സർ 2-ൽ കൊടുത്തിട്ടുള്ള 'ഡിക്ലറേഷൻ ഫോം' ശരിയായി പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ധനസഹായത്തുക

കൂടത്തൈകൾ/കപ്പുതൈകൾ ഉപയോഗിച്ച് റബ്ബർ കൃഷിചെയ്തിട്ടുള്ള കർഷകർക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ ഹെക്ടറിന് 40,000 രൂപ ധനസഹായം ലഭിക്കാൻ അർഹതയുണ്ട്.

അർഹത

നാല് ഹെക്ടർ വരെ റബ്ബർകൃഷിയുള്ള കർഷകർക്ക് പരമാവധി ഒരു ഹെക്ടർ സ്ഥലത്തിനാണ് ധനസഹായം നൽകുന്നത്. ആവർത്തനക്കൃഷി ചെയ്തവർക്കും പുതുകൃഷി ചെയ്തവർക്കും ധനസഹായം ലഭിക്കുന്നതാണ്.

ധനസഹായത്തിന് അപേക്ഷകൾ നൽകുന്നതിനുള്ള കുറഞ്ഞ വിസ്തൃതി 0.10 ഹെക്ടർ (25 സെന്റ്) ആണ്. രേഖകളിൽ നെൽവയൽ, വനഭൂമി എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തിന് ധനസഹായം നൽകുന്നതല്ല.

'സർവീസ് പ്ലസ്' പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്ന വിധം

പൊതുവായ കാര്യങ്ങൾ

- റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രവേശിക്കുക (www.rubberboard.gov.in).
- പ്രധാന മെനുവിലെ 'E SERVICES' എന്ന ഓപ്ഷനിൽ നിന്ന് 'SERVICE PLUS' > PLANTING SUBSIDY >RUBBER PLANTATION DEVELOPMENT IN TRADITIONAL REGION 2025-26 തെരഞ്ഞെടുക്കുക.
- പദ്ധതിയെ സംബന്ധിച്ച് ഇംഗ്ലീഷിലുള്ള വിശദീകരണം നന്നായി വായിച്ചുമനസ്സിലാക്കിയശേഷം താഴെ കൊടുത്തിരിക്കുന്ന 'Click to apply' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക. തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുക.

രജിസ്ട്രേഷൻ നടപടികൾ

- രജിസ്ട്രേഷൻ പേജിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുക.
- 'Submit' ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- ലഭ്യമാകുന്ന 'Validate' പേജിൽ കയറി 'Validate' എന്ന് എഴുതിയിരിക്കുന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
- ഇ-മെയിലിൽ ലഭ്യമാകുന്ന 'OTP' രേഖപ്പെടുത്തി 'submit ബട്ടൺ ക്ലിക്ക് ചെയ്യുക.
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.

രജിസ്ട്രേഷൻ ഐഡിയും (ഇ-മെയിൽ ഐഡി) പാസ്‌വേഡും എഴുതിയെടുത്ത് സൂക്ഷിക്കേണ്ടതാണ്.

ലോഗിൻ നടപടികൾ

- ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക
- ലഭ്യമാകുന്ന ലോഗിൻ ഫോമിൽ ഇ-മെയിൽ ഐഡി, പാസ്‌വേഡ്, കാപ്ച്ച തുടങ്ങിയവ രേഖപ്പെടുത്തിയ ശേഷം ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക ലോഗിൻ നടപടികൾ പൂർത്തിയായി.

അപേക്ഷാസമർപ്പണം

- ഇടത്തുഭാഗത്ത് കാണുന്ന മെനുവിൽ 'Apply for services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
- തുടർന്ന് 'view all available services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുമ്പോൾ പലവിധ സേവനങ്ങളെ സംബന്ധിച്ചുള്ള ലിസ്റ്റ് കാണാവുന്നതാണ്.
- വലതുഭാഗത്തുള്ള 'search' ബട്ടണിൽ 'RUBBER' എന്ന് ടൈപ്പ് ചെയ്യുക. അപ്പോൾ Rubber Plantation Development - Traditional region 2025-26 എന്നു കാണാം. അവിടെ ക്ലിക്ക് ചെയ്യുക.
- അപ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ ഫോമിൽ അപേക്ഷകന്റെ പേര്, ആധാർ നമ്പർ എന്നിവ രേഖപ്പെടുത്തുക. ഒരു സമ്മതപത്രം ഉടൻതന്നെ കാണാവുന്നതാണ്.
- സമ്മതപത്രത്തിനു താഴെയുള്ള 'Agree' ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- ബാക്കി ഭാഗങ്ങൾ ശ്രദ്ധയോടെ പുരിപ്പിക്കുക.
- അപേക്ഷയുടെ അവസാനം സത്യപ്രസ്താവനയുടെ താഴെ 'I Agree' എന്നഭാഗത്ത് 'tick' ഇട്ട് 'submit' ബട്ടണിൽ ക്ലിക്ക് ചെയ്യണം.
- ആധാറുമായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള മൊബൈൽ നമ്പരിലേക്ക് 'OTP' വരുന്നതാണ്. ആ 'OTP' നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്തണം.
- തുടർന്ന് 'Validate' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യണം.
- ആധാർ 'verify' ചെയ്തു എന്ന മെസേജ് ലഭിക്കുന്നു, തുടർന്ന് 'OK' ബട്ടൺ ക്ലിക്ക് ചെയ്യണം.

രേഖകൾ സമർപ്പിക്കൽ

- സമർപ്പിച്ച അപേക്ഷയുടെ അവസാനഭാഗത്ത് 'Attach Annexure' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- രേഖകൾ സമർപ്പിക്കാനുള്ള ഭാഗം അപ്പോൾ കാണാവുന്നതാണ്.
- കംപ്യൂട്ടർ 'desktop'-ൽ സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ ഒന്നൊന്നായി അപ്‌ലോഡ് ചെയ്യുക.
- അവസാനം താഴെ ഭാഗത്തുള്ള 'Save Enclosure' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷ, അനുബന്ധ രേഖകൾ എന്നിവയെല്ലാം സംബന്ധിച്ച വിവരങ്ങൾ അപ്പോൾ ലഭ്യമാകും.
- അതിനുശേഷം താഴെയുള്ള 'submit' ബട്ടൺ ക്ലിക്ക്ചെയ്യുക. Application acknowledgement' എന്ന ഭാഗം കാണാവുന്നതാണ്. അവിടെ അപേക്ഷാസൂചനാനമ്പർ കാണാം. **'Acknowledgement'-ന്റെ ഒരു പ്രിന്റ്** എടുത്ത് സൂക്ഷിക്കുക.
- ഇത്രയും ചെയ്തു കഴിയുമ്പോൾ അപേക്ഷ സമർപ്പണം പൂർത്തിയാകുന്നതാണ്.
- സമർപിച്ച അപേക്ഷയിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അപേക്ഷകന് അത് തിരിച്ചയയ്ക്കുന്നതായിരിക്കും. അപ്പോൾ രജിസ്ട്രേഷൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം കുറവുകൾ പരിഹരിച്ച് വീണ്ടും സമർപിക്കേണ്ടതാണ്.

ശ്രദ്ധിക്കേണ്ട മറ്റുകാര്യങ്ങൾ

- സമർപിക്കേണ്ട രേഖകൾ ആദ്യം സംഘടിപ്പിക്കുക. അപ്‌ലോഡിങ് നടത്താനുപയോഗിക്കുന്ന കംപ്യൂട്ടറിൽ രേഖകളുടെ സ്കാൻചെയ്ത കോപ്പികൾ pdf ആയി 'സേവ്' ചെയ്ത് റെഡിയാക്കുക.
- മൊബൈൽ ഫോൺ, ആധാർ കാർഡ് തുടങ്ങിയവ കൈയ്യിൽ കരുതുക.
- മൊബൈൽ നമ്പർ ആധാറുമായി ലിങ്കുചെയ്തിരിക്കണം.
- സ്വന്തമായി ഇ-മെയിൽ ഐഡി ഉണ്ടായിരിക്കണം.
- പല ഇനങ്ങൾ (multiclone) കൃഷിചെയ്തിട്ടുള്ള കർഷകർ 'others'ൽ ക്ലിക്ക് ചെയ്തശേഷം 'remarks'-ൽ ക്ലോണുകളുടെ വിവരങ്ങൾ ചേർക്കുക.
- ഒരേ വർഷം പല വില്ലേജുകളിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഓരോ വില്ലേജിലെ തോട്ടത്തിനും പ്രത്യേകം അപേക്ഷ നൽകണം. ഓരോ അപേക്ഷയിലും മറ്റേ വില്ലേജിലെ കൃഷിയെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുകയും വേണം.
- ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ പേരും ബാങ്ക് പാസ് ബുക്കിലേത് പോലെ തന്നെ ശരിയായി രേഖപ്പെടുത്തേണ്ടതാണ്.
- എൻ.ആർ.ഐ. അക്കൗണ്ട്, എൻ.ആർ.ഒ. അക്കൗണ്ട് എന്നിവ സ്വീകാര്യമല്ല.
- പദ്ധതികളുടെ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

റബ്ബർകൃഷിധനസഹായത്തിന് പുറമെ താഴെപ്പറയുന്ന സഹായപദ്ധതികൾക്കും 'Service Plus' പോർട്ടലിൽ കൂടിയാണ് അപേക്ഷിക്കേണ്ടത്.

പദ്ധതിയുടെ പേരും അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും	സർവ്വീസ് പ്ലസ് പോർട്ടലിൽ പദ്ധതി തെരഞ്ഞെടുക്കുന്ന രീതി	അനുവദനീയമായ പരമാവധി ധനസഹായം	സമർപ്പിക്കേണ്ട രേഖകൾ	
			അപേക്ഷയോടൊപ്പം	പദ്ധതി പൂർത്തീകരണത്തിനുശേഷം
1. റെയിൻഗാർഡിംഗ് (ആർ.പി.എസ്. മുഖേന) 15.10.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR RAINGUARDING> click to apply> Register/login	4000/- രൂപാ ഹെക്ടർ പ്രതി പരമാവധി ഒരു കർഷകന് 2 ഹെക്ടർ സ്ഥലത്തിന്	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. കർഷകരുടെ ലിസ്റ്റ് (Annexure 2) 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത GST Bill (RPS) 2. Declaration (Annexure 3) 3. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (in excel sheet)
2. മരുന്ന് തളിക്കുന്നതിന് (ആർ.പി. എസ്. മുഖേന) 15.10.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR SPRAYING/ DUSTING> click to apply> Register/login	ഹെക്ടർ പ്രതി 4000/- രൂപ പരമാവധി ഒരു കർഷകന് 2 ഹെക്ടർ സ്ഥലത്തിന്	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. കർഷകരുടെ ലിസ്റ്റ് (Annexure 2) 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത GST Bill (RPS) 2. Declaration (Annexure 3) 3. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (in excel sheet)

3. കർഷക/തൊഴിലാളി ഗ്രൂപ്പുകൾ പുതിയതായി ആരംഭിക്കുന്നതിന് (ആർ.പി.എസ്. മുഖേന) 28.11.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR GROUP FORMATION> click to apply> Register/login	5000/- രൂപാ അല്ലെങ്കിൽ യഥാർത്ഥ ചെലവ് (ഏതാണ് കുറവ് അത്)	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത ബിൽ/രസീതുകൾ 2. Declaration (Annexure 2) 3. ഗ്രൂപ്പ് അംഗങ്ങളുടെ ലിസ്റ്റ് (Annexure 3)
4. റബ്ബർപാൽ ശേഖരണ ഉപകരണങ്ങൾ വാങ്ങുന്നതിന് (ആർ.പി.എസ്./ ജി.പി.സി.) 14.11.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR LATEXT COLLECTION EQUIPMENT TO RPSS/GPCS> click to apply> Register/login	40000/- രൂപാ അല്ലെങ്കിൽ ചെലവായ തുകയുടെ 50% (ഇതിൽ ഏതാണോ കുറവ് അത്)	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. ക്വട്ടേഷൻ 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത ബിൽ 2. Declaration (Annexure 2)
5. മലിനജല സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം (ജി.പി.സി.) 28.11.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR ESTABLISHMENT OF ETP> click to apply> Register/ login	5 ലക്ഷം രൂപാ അല്ലെങ്കിൽ ചെലവായ തുകയുടെ 50% (ഏതാണോ കുറവ് ആ തുക)	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. ക്വട്ടേഷൻ 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത ബിൽ 2. Declaration (Annexure 2)
6. ട്രോളി മോഡൽ പുകപ്പുരകളുടെ നിർമ്മാണം (ജി.പി.സി.) 28.11.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR ADDITIONAL SMOKE HOUSE> click to apply> Register/login	5 ലക്ഷം രൂപ അല്ലെങ്കിൽ ചെലവായ തുകയുടെ 50% (ഏതാണോ കുറവ് ആ തുക)	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. ക്വട്ടേഷൻ 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത ബിൽ/ഇൻവോയ്സ് 2. Declaration (Annexure 2)
7. സ്പ്രേയർ/ഡസ്റ്റർ വാങ്ങുന്നതിന് (ആർ.പി.എസ്./ റബ്ബർബോർഡ് കമ്പനികൾക്ക്) 31.10.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR PURCHASE OF SPRAYER/ DUSTER > click to apply> Register/login	30000/- രൂപ അല്ലെങ്കിൽ ചെലവായ തുകയുടെ 50% (ഏതാണോ കുറവ് ആ തുക)	1. RPS ന്റെ/കമ്പനിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. RPS /കമ്പനിയുടെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത GST Bill 2. Declaration (Annexure 2)
8. സമൂഹസംസ്കരണ ശാലകളുടെ നവീകരണം (ജി.പി.സി.) 28.11.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR MODERNIZATION OF GROUP PROCESSING CENTRES> click to apply> Register/login	6 ലക്ഷം രൂപ അല്ലെങ്കിൽ ചെലവായ തുകയുടെ 50% ഇതിൽ ഏതാണോ കുറവ് ആ തുക	1. RPS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 2. Resolution (Annexure 1) 3. ക്വട്ടേഷൻ 4. RPS ന്റെ ബാങ്ക് പാസ്ബുക്ക്	1. സർട്ടിഫൈ ചെയ്ത ബിൽ/പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റ് 2. Declaration (Annexure 1)
9. റബ്ബർറോളർ വാങ്ങുന്നതിന് (പട്ടികജാതി വിഭാഗം കർഷകർക്ക് മാത്രം) 31.10.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR RUBBER SHEETING ROLLER-SC COMMUNITY> click to apply> Register/ login	40000/- രൂപ അല്ലെങ്കിൽ ചെലവായ തുകയുടെ 80% ഇതിൽ ഏതാണോ കുറവ് ആ തുക	1. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് 2. ബാങ്ക് പാസ്ബുക്ക് 3. ആധാർകാർഡ് 4. റബ്ബർകൃഷി സ്ഥലത്തിന്റെയും, റോളർ സ്ഥാപിച്ച സ്ഥലത്തിന്റെയും 25-26-ലെ കരം അടച്ച രസീത് 5. നോമിനി / മുക്ത്യാർ രേഖകൾ/സമ്മതപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം Annexure I, II, III)	1. GST Bill 2. റോളർ വാങ്ങി സ്ഥാപിച്ച റിപ്പോർട്ട് (Annexure IV)
10. പുതിയ പുകപ്പുര വാങ്ങുന്നതിനോ നിർമ്മിക്കുന്നതിനോ ഉള്ള പദ്ധതി (പട്ടികജാതി വിഭാഗം കർഷകർക്ക് മാത്രം) 31.10.2025	www.rubberboard.gov.in> E-SERVICES> SERVICE PLUS> ASSISTANCE FOR SMOKE HOUSE SC COMMUNITY> click to apply> Register/login	40000/- രൂപ അല്ലെങ്കിൽ ചെലവായ തുകയുടെ 80% ഇതിൽ ഏതാണോ കുറവ് ആ തുക	1. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് 2. ബാങ്ക് പാസ്ബുക്ക് 3. ആധാർകാർഡ് 4. റബ്ബർകൃഷി സ്ഥലത്തിന്റെയും, പുകപ്പുര സ്ഥാപിച്ച/നിർമ്മിച്ച സ്ഥലത്തിന്റെയും 2025-26-ലെ കരം അടച്ച രസീത് 5. നോമിനി / മുക്ത്യാർ രേഖകൾ/സമ്മതപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം Annexure I, II, III)	1. പുകപ്പുര വാങ്ങിയ ബില്ല് അല്ലെങ്കിൽ പുകപ്പുര നിർമ്മാണം പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് (Annexure IV)

കുറിപ്പ്: ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും ആർ.പി.എസ്-ന്റെ പേരും ബാങ്ക് പാസ്സ്ബുക്കിലേതുപോലെതന്നെ ശരിയായി രേഖപ്പെടുത്തേണ്ടതാണ്. •

റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഉയർന്ന ഉത്പാദനത്തിനായി

റബ്ബർമരങ്ങളെ ഒരുക്കിയെടുക്കുക

ഏതു സമയത്ത് ടാപ്പുചെയ്താലും റബ്ബർപാൽ നന്നായി കിട്ടുന്ന രീതിയിലല്ല റബ്ബർമരങ്ങളിൽ റബ്ബർപാൽ ഉത്പാദിപ്പിക്കപ്പെടുന്നത്. റബ്ബർമരത്തിൽ ഏൽക്കുന്ന മുറിവിനു പ്രതിപ്രവർത്തനം (wound response) എന്ന നിലയിലാണ് റബ്ബർമരത്തിൽനിന്ന് റബ്ബർപാൽ ലഭിക്കുന്നത്. ഓരോ ഇനങ്ങളിലും നിന്നുള്ള ഉത്പാദനം അവയുടെ ജനിതകഘടന അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. എന്നാൽ ടാപ്പിങ് റബ്ബറുത്പാദനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. ഉത്പാദനക്ഷമത നിർണയിക്കപ്പെടുന്നത് പരീക്ഷണത്തോട്ടങ്ങളിലെ ഉത്പാദനത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു തോട്ടത്തിൽ പല ഇനങ്ങൾ ഒരേ സമയം കൃഷിചെയ്ത് ഒരേ രീതിയിൽ പരിപാലിച്ച് എല്ലാ മരങ്ങളിലും ഒരേ ടാപ്പിങ്രീതിയിൽ ഒരുമിച്ച് ടാപ്പിങ് ആരംഭിച്ച് ഒരേ സമയം അവസാനിപ്പിക്കുന്ന രീതിയിൽ ടാപ്പുചെയ്യുമ്പോൾ ലഭ്യമാകുന്ന ഉത്പാദനത്തിന്റെ പല വർഷങ്ങളിലെ ശരാശരി കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഉത്പാദനക്ഷമത നിർണയിക്കപ്പെടുന്നത്. ഒരു മരത്തിൽ നിന്നുള്ള ഉത്പാദനം അതിന്റെ ജനിതകശേഷിയെയും മരങ്ങൾ എങ്ങനെ ടാപ്പുചെയ്യപ്പെടുന്നു എന്നതിനെയും ആശ്രയിച്ചിരിക്കുന്നു. എത്ര ഉത്പാദനക്ഷമത കൂടിയ ഇനമാണെങ്കിലും ടാപ്പിങ് ശരിയല്ലെങ്കിൽ നിഷ്കർഷിക്കുന്ന ഉത്പാദനം ലഭ്യമാകില്ല. ഉത്പാദനക്ഷമതയും ലഭ്യമാകുന്ന ഉത്പാദനവും തമ്മിലുള്ള അന്തരം കുറയുന്നതാണ് ശരിയായ ടാപ്പിങ് എന്ന് വിശേഷിപ്പിക്കാം.

ഉത്പാദനക്ഷമത കൂടിയ ഇനങ്ങൾ കർഷകരിൽ എത്തുമ്പോൾ അവർക്കു ലഭിക്കുന്ന ഉത്പാദനം പ്രധാനമായും കർഷകർ അവലംബിക്കുന്ന ടാപ്പിങ്രീതിയെയും അതിന്റെ ക്രമത്തെയും കൃത്യതയെയും ആശ്രയിച്ചിരിക്കുന്നു. നിലവിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ടാപ്പിങ് രീതികൾ പൂർണമായും അതിന് അനുസരിച്ചുള്ളതാണ്.

ഇന്ന് ഇന്ത്യയിൽ നിലവിലുള്ള ടാപ്പിങ്സമ്പ്രദായങ്ങൾ പ്രധാനമായും നാലു രീതികളിലാണ്. ഇത് പകുതി

ചുറ്റളവിൽ രണ്ട് ദിവസത്തിൽ ഒരിക്കൽ (S2 d2), മൂന്നു ദിവസത്തിൽ ഒരിക്കൽ (S2 d3), നാല് ദിവസത്തിൽ ഒരിക്കൽ (S2 d4), ആറു ദിവസത്തിൽ ഒരിക്കൽ (S2 d6) എന്നിവയാണ്. ഇതിൽതന്നെ ഞായറാഴ്ച ഒഴിവു നൽകിയും (6d/7) ഞായറാഴ്ച ഉൾപ്പെടുത്തിയും (7d/7) നടക്കുന്ന ടാപ്പിങ് എന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഒരു ടാപ്പിങ്‌രീതിയിൽ ഞായറാഴ്ച ഒഴിവ് നൽകിയാലും ഇല്ലെങ്കിലും അരിഞ്ഞെടുക്കുന്ന പട്ടയുടെ കനം ഒന്നാണെങ്കിലും ഒരു വർഷം ലഭിക്കുന്ന ടാപ്പിങ്‌ദിനങ്ങളുടെ എണ്ണം, ഒരു വർഷം ഉപയോഗിക്കുന്ന പട്ടയുടെ അളവ്, ഒരു ടാപ്പിങ് പാനൽ പൂർണമായും തീരാൻ എടുക്കുന്ന കാലയളവ് എന്നിവയിൽ വ്യത്യാസം ഉണ്ട് (താഴെ കൊടുത്തിരിക്കുന്ന പട്ടിക കാണുക).

നിലവിൽ ഇന്ത്യയിൽ, പ്രത്യേകിച്ചും കേരളത്തിൽ കൃഷിക്കായി ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള റബ്ബറിനങ്ങൾ എല്ലാം ഉത്പാദനക്ഷമത കൂടിയവയായതിനാൽ രണ്ട് ദിവസത്തിലൊരിക്കൽ (ഒന്നിരാടൻ) ടാപ്പിങ്ങിന് യോജിച്ചതല്ല. അതിനു കാരണം ഒരു ടാപ്പിങ്ങിനും അടുത്ത ടാപ്പിങ്ങിനും ഇടയിൽ മതിയായ ഇടവേള നല്കിയില്ലെങ്കിൽ ശരിയായ അളവിലും ഗുണത്തിലും റബ്ബർപാൽ ലഭിക്കാതെ വരുന്നു എന്നുള്ളതാണ്. മാത്രവുമല്ല, ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനും തടിക്ക് വണ്ണം വെയ്ക്കുന്നതിനും ഇടവേള കൂടിയ ടാപ്പിങ്‌രീതിയാണ് നല്ലത്. രണ്ടു ദിവസമോ അതിൽ കൂടുതലോ ഇടവേള വരുന്ന ടാപ്പിങ്‌രീതികൾ, നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകളോടെ അവലംബിക്കുന്നതാണ് മെച്ചം.

മൂന്നുദിവസത്തിലൊരിക്കൽ ടാപ്പിങ് – S2 d3 7d/7

ഞായറാഴ്ച ഒഴിവു നൽകാതെ മൂന്ന് ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന ഈ രീതിയിൽ 1.75 മില്ലിമീറ്റർ കനത്തിലാണ് ഓരോ ടാപ്പിങ്ങിലും പട്ട അരിയേണ്ടത്. ഇങ്ങനെ ടാപ്പുചെയ്യുമ്പോൾ ഒരു വർഷത്തിലെ 121 ടാപ്പിങ്‌ദിനങ്ങളിൽ 21.2 സെ.മീ. പട്ട ടാപ്പിങ് പാനലിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു. ഇങ്ങനെ ടാപ്പുചെയ്യുമ്പോൾ ഒരു പാനലിൽ 5 വർഷവും 10 മാസവും 26 ദിവസവും ടാപ്പുചെയ്യാം. കുറഞ്ഞത് 23 വർഷത്തെ കാലയളവിൽ രണ്ട് അസ്സൽ പട്ടകളും രണ്ട് പുതുപ്പട്ടകളും ടാപ്പുചെയ്തു തീരുന്നു.

S2 d3 6d/7

എല്ലാ ഞായറാഴ്ചയും ഒഴിവ് നൽകിക്കൊണ്ട് മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന സമ്പ്രദായമാണ് ഇത്. ടാപ്പുചെയ്യുമ്പോൾ അരിഞ്ഞെടുക്കുന്ന പട്ടയുടെ കനം 1.75 മില്ലിമീറ്റർ തന്നെയാണെങ്കിലും ഒരു വർഷത്തിൽ ലഭ്യമാകുന്ന ടാപ്പിങ് ദിനങ്ങൾ 104 ആയിരിക്കും. ആകയാൽ ഒരു വർഷം വിനിയോഗിക്കപ്പെടുന്ന പട്ടയുടെ അളവ് 18.2 സെ.മി. ആയിരിക്കും. ഈ രീതിയിൽ ടാപ്പുചെയ്യുമ്പോൾ ഒരു പാനലിൽ ആറു വർഷവും 10 മാസവും 13 ദിവസവും ടാപ്പുചെയ്യാം. കുറഞ്ഞത് 27 വർഷത്തെ കാലയളവിൽ രണ്ട് അസ്സൽ പട്ടയും രണ്ട് പുതുപ്പട്ടയും ടാപ്പുചെയ്തു തീരുന്നു. 7d/7 -നെ അപേക്ഷിച്ച് 6d/7 -ൽ പട്ടയുടെ വിനിയോഗം പ്രതിവർഷം മൂന്നു സെ.മീ. വീതം കുറയ്ക്കാവുന്നതാണ്. കൂടാതെ 6d/7 -നിൽ ഒരു വർഷം 17 ടാപ്പിങ്‌ദിനങ്ങളുടെ കുറവ് വരുന്നതിനാൽ ഉത്പാദനച്ചെലവ് കുറയുന്നതാണ്.

അരിഞ്ഞെടുക്കുന്ന പട്ടയുടെ കനം കൃത്യതയോടെ നിയന്ത്രിക്കുന്നതിനായി കൂടുതൽ മാർഗരേഖകൾ അടയാളപ്പെടുത്തിയിരിക്കുന്നു.

നാലുദിവസത്തിലൊരിക്കൽ ടാപ്പിങ് – S2 d4 7d/7

ഞായറാഴ്ച ഒഴിവു നൽകാതെ നാല് ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന സമ്പ്രദായമാണ് ഇത്. ഈ രീതിയിൽ 2.0 മില്ലിമീറ്റർ കനത്തിൽ ആണ് ഓരോ ടാപ്പിങ്ങിലും പട്ട അരിയുന്നത്. ക്രമമായി ടാപ്പുചെയ്തുപോകുമ്പോൾ വർഷത്തിൽ 91 ടാപ്പിങ്‌ദിനങ്ങൾ

ഒരു ടാപ്പിങ്ങിൽ വിനിയോഗിക്കുന്ന പട്ടയുടെയും ഒരു വർഷം ലഭിക്കുന്ന ടാപ്പിങ്‌ദിനങ്ങളുടെ എണ്ണത്തിന്റെയും കണക്കുകൾ (ടാപ്പിങ് പാനലിന്റെ ഉയരം 125 സെൻറീ മീറ്റർ എന്നതിന്റെ അടിസ്ഥാനത്തിൽ)

ടാപ്പിങ് സമ്പ്രദായങ്ങൾ	പട്ടയുടെ കനം (മി.മീ.)	ടാപ്പിങ് ദിനങ്ങൾ	ഒരു വർഷം വിനിയോഗിക്കുന്ന പട്ടയുടെ അളവ് (സെ.മീ.)	പാനലിന്റെ ഉയരം (സെ.മീ.)	ഒരു പാനൽ ടാപ്പുചെയ്ത് തീരുന്ന കാലയളവ്			ലഭ്യമാകുന്ന ഉത്പാദന കാലയളവ് (വർഷങ്ങൾ)
					വർഷം	മാസം	ദിവസം	
S2 d3 7d/7	1.75	121	21.2	125	5	10	26	23
S2 d3 6d/7	1.75	104	18.2	125	6	10	13	27
S2 d4 7d/7	2.00	91	18.2	125	6	10	13	27
S2 d4 6d/7	2.00	78	15.6	125	8	0	5	32
S2 d6 7d/7	2.50	60	15.0	125	8	4	0	33
S2 d6 6d/7	2.50	52	13.0	125	9	7	12	38

ലഭിക്കുന്നു. ഒരുവർഷം വിനിയോഗിക്കുന്ന പട്ടയുടെ അളവ് 18.2 സെ.മീ. ആയിരിക്കും. ഈ സമ്പ്രദായത്തിൽ ഒരു പാനലിൽ 6 വർഷവും 10 മാസവും 13 ദിവസവും ടാപ്പുചെയ്യാം. ഈ സമ്പ്രദായത്തിൽ ഒരു വർഷം വിനിയോഗിക്കുന്ന പട്ടയുടെ അളവും ഒരു പാനൽ മുഴുവൻ ടാപ്പുചെയ്തു തീരുന്ന കാലയളവും, ഞായറാഴ്ച ഒഴിവു നല്കി മൂന്നുദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുമ്പോഴുള്ള കണക്കുകൾക്ക് തുല്യമാണ്. ഓരോ ടാപ്പിങ്ങിലും അരിഞ്ഞെടുക്കുന്ന പട്ടയുടെ കനം കൂടുതലായത് (2.0 മില്ലിമീറ്റർ) കൊണ്ടാണ് ഇത്. എന്നാൽ ഈ സമ്പ്രദായത്തിൽ ഞായറാഴ്ച ഒഴിവുനൽകിയുള്ള മൂന്നുദിവസത്തിലൊരിക്കൽ ടാപ്പിങ്ങിനെ അപേക്ഷിച്ച് 13 ടാപ്പിങ്ദിനങ്ങൾ കുറയുന്നു എന്നുള്ളത് ഉത്പാദനച്ചെലവ് കുറയുന്നതിന് കാരണമാകുന്നു. ഇവിടെയും കുറഞ്ഞത് 27 വർഷത്തെ കാലയളവിൽ രണ്ട് അസ്സൽ പട്ടകളും രണ്ട് പുതുപ്പട്ടകളും ടാപ്പുചെയ്തു തീരുന്നു.

S2 d4 6d/7

എല്ലാ ഞായറാഴ്ചയും ഒഴിവ് നൽകിക്കൊണ്ട് നാലു ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന സമ്പ്രദായമാണ് ഇത്. ഒരു വർഷത്തിൽ 78 ടാപ്പിങ്ദിനങ്ങളാണ് ലഭിക്കുന്നത്. ഒരു വർഷം വിനിയോഗിക്കുന്ന പട്ടയുടെ അളവ് 15.6 സെ.മീ. ആയിരിക്കും. ഈ രീതിയിൽ ഒരു പാനലിൽ 8 വർഷവും 5 ദിവസവും ടാപ്പുചെയ്യാം. ഒഴിവുദിവസം ഇല്ലാതെ നാലുദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന രീതിയെ അപേക്ഷിച്ച് ഈ സമ്പ്രദായത്തിൽ 13 ടാപ്പിങ്ദിനങ്ങൾ കുറയുന്നു എന്നുള്ളതും ഒരു പാനൽ ഏകദേശം ഒരു വർഷവും രണ്ട് മാസവും അധികം ടാപ്പുചെയ്യാൻ സാധിക്കുമെന്നുള്ളതും മേന്മകളായി കാണാവുന്നതാണ്. കുറഞ്ഞത് 32 വർഷത്തെ കാലയളവിൽ രണ്ട് അസ്സൽ പട്ടകളും രണ്ട് പുതുപ്പട്ടകളും ടാപ്പുചെയ്തു തീരുന്നു.

ആറുദിവസത്തിലൊരിക്കൽ ടാപ്പിങ് – S2 d6 7d/7

ഞായറാഴ്ച ഒഴിവു നൽകാതെ ആറ് ദിവസത്തിൽ ഒരിക്കൽ ടാപ്പുചെയ്യുന്ന ഈ സമ്പ്രദായത്തിൽ 2.5 മില്ലിമീറ്റർ കനത്തിലാണ് പട്ട അരിയേണ്ടത്. ആറ് ദിവസത്തിലൊരിക്കൽ ക്രമമായി ടാപ്പുചെയ്യുമ്പോൾ ഒരു വർഷത്തിൽ 60 ടാപ്പിങ്ദിനങ്ങൾ ലഭിക്കുന്നു. 15 സെ.മീ. പട്ടയാണ് ഒരു വർഷത്തിൽ വിനിയോഗിക്കപ്പെടുന്നത്. ഈ ടാപ്പിങ്രീതിയിൽ 8 വർഷവും 4 മാസവുമാണ്. ഒരു പാനൽ പൂർണമായും ടാപ്പുചെയ്യാൻ എടുക്കുന്ന കാലയളവ്. S2 d4 6d/7 നേക്കാളും 4 മാസങ്ങൾ മാത്രമാണ് കൂടുതലായി ലഭിക്കുന്നത്. അതുപോലെ വാർഷിക പട്ടവിനിയോഗത്തിൽ 0.6 സെ.മീ. മാത്രമാണ് കുറവുള്ളത്. എന്നാൽ ഒരു വർഷത്തിൽ S2 d4 6d/7 നേക്കാൾ 18 ടാപ്പിങ്ദിനങ്ങൾ കുറവാണ് എന്നുള്ളത് ഈ ടാപ്പിങ് രീതിയുടെ മേന്മയാണ്. എങ്കിലും ഒരു വർഷത്തിൽ വിനിയോഗിക്കപ്പെടുന്ന പട്ടയുടെ അളവ് S2 d4 6d/7നോട് ഏകദേശം ഒരുപോലെ വരാൻ കാരണം ഈ ടാപ്പിങ് രീതിയിൽ അരിയുന്ന പട്ടയുടെ അളവ് കൂടുതലാണ് (2.5 മി.മീ.) എന്നതിനാലാണ്. ആയതിനാൽ ടാപ്പിങ്ദിനങ്ങളുടെ എണ്ണം കുറച്ച് ഉത്പാദനച്ചെലവ് കുറയ്ക്കാൻ S2 d4 6d/7നേക്കാളും S2 d6 7d/7 ആണ് മെച്ചം. രണ്ട് അസ്സൽ പട്ടകളും രണ്ട് പുതുപ്പട്ടകളും വെട്ടിത്തീരാൻ കുറഞ്ഞത് 33 വർഷമെടുക്കും.

S2 d6 6d/7

ഞായറാഴ്ച ഒഴിവുനൽകി ആറ് ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന ഈ ടാപ്പിങ്രീതിയിൽ 52 ടാപ്പിങ് ദിനങ്ങളാണ് ലഭിക്കുന്നത്. അതായതു ആഴ്ചയിൽ ഒരു ടാപ്പിങ് ആയതിനാൽ ഈ ടാപ്പിങ് സമ്പ്രദായത്തെ d/7 ടാപ്പിങ് എന്നും ആഴ്ചതോറുമുള്ള ടാപ്പിങ് (Weekly Tapping) എന്നും വിളിക്കുന്നു. ഒരു വർഷം വിനിയോഗിക്കുന്ന പട്ടയുടെ അളവ് കേവലം 13 സെ.മി. മാത്രമാണ്. S2 d6 7d/7നെ അപേക്ഷിച്ച് 2.0 സെ.മി. –ന്റെ ലാഭം ഒരു വർഷത്തിൽ ലഭിക്കുന്നു. ഒരു പാനൽ പൂർണമായും ടാപ്പുചെയ്ത് തീരുന്ന കാലയളവ് 9 വർഷവും 7 മാസവും 12 ദിവസവുമായിരിക്കും. S2 d6 7d/7നെ അപേക്ഷിച്ച് 8 ടാപ്പിങ്ദിനങ്ങൾ കുറവാണ് എന്നുള്ളതും പാനൽ ഒരു വർഷവും 3 മാസവും കൂടുതൽ ടാപ്പ് ചെയ്യാൻ കഴിയുമെന്നുള്ളതും S2 d6 6d/7 ന്റെ മേന്മയായി കാണാവുന്നതാണ്. ഈ ടാപ്പിങ്രീതിയിൽ രണ്ട് അസ്സൽ പട്ടകളിൽ നിന്നും രണ്ട് പുതുപ്പട്ടകളിൽ നിന്നുമായി കുറഞ്ഞത് 38 വർഷം ആദായമെടുക്കാം.

ഇതുവരെ പ്രതിപാദിച്ചു വന്ന S2 d3, S2 d4, S2 d6 ടാപ്പിങ് രീതികളിൽ 7d/7നെ അപേക്ഷിച്ചു 6d/7നുള്ള പ്രത്യേകതകൾ ടാപ്പിങ്ദിനങ്ങൾ കുറയുന്നുവെന്നുള്ളതും ഒരു പാനലിന്റെ കാലയളവ് കൂടുതൽ ലഭിക്കുന്നുവെന്നുള്ളതുമാണ്. തൽഫലമായി റബ്ബറുത്പാദനച്ചെലവ് കുറയ്ക്കാനും മരത്തിന്റെ ഉത്പാദന കാലയളവ് (economic life) കൂട്ടാനും സാധിക്കുമെന്നതുകൊണ്ട് കർഷകർ പ്രയോജനപ്പെടുത്തേണ്ട നിർദ്ദേശങ്ങളാണിവ. ഇതിൽ ഏതു ടാപ്പിങ്രീതി സ്വീകരിച്ചാലും വാർഷിക ഉത്പാദനത്തിൽ വ്യത്യാസമുണ്ടാകുന്നില്ല, ഉത്പാദന ച്ചെലവിൽ മാത്രമാണ് വ്യത്യാസം വരുന്നത്.

ഏതു ടാപ്പിങ്രീതി അവലംബിച്ചാലും ക്രമമായി മരങ്ങൾ ടാപ്പുചെയ്യുക എന്നുള്ളത് സ്ഥായിയായ ഉത്പാദനം കിട്ടുന്നതിന് അത്യന്താപേക്ഷിതമാണ്. എത്ര ഉത്പാദനശേഷിയുള്ള ഇനമായിരുന്നാലും ആദ്യ ടാപ്പിങ്ങുകളിൽ ലഭിക്കുന്ന ഉത്പാദനം കുറവായിരിക്കും. ക്രമമായ ടാപ്പിങ്ങുകളിലൂടെയേ ഉത്പാദനം ഉയർത്താൻ സാധിക്കൂ. ഇടയ്ക്ക് നഷ്ടമാകുന്ന ടാപ്പിങ്ദിനങ്ങളും ടാപ്പിങ്ദിനങ്ങളുടെ ക്രമം തെറ്റുന്നതും ഉത്പാദനം കുറയുന്നതിന് കാരണമാകാറുണ്ട്. അതുപോലെതന്നെ ടാപ്പിങ്ങിന്റെ ശരിയായ ആഴം, വെട്ടുചാലിന്റെ ചെരിവ്, അരിഞ്ഞെടുക്കുന്ന പട്ടയുടെ കനം തുടങ്ങിയ കാര്യങ്ങളിൽ പുലർത്തേണ്ട കൃത്യതയും റബ്ബറുത്പാദനത്തെ കാര്യമായി സ്വാധീനിക്കുന്നു. ഇപ്രകാരം ടാപ്പിങ്ങിൽ പുലർത്തേണ്ട ക്രമവും കൃത്യതയും റബ്ബറുത്പാദനം ഉയർന്നതും സ്ഥിരതയുള്ളതുമായി നിലനിർത്തേണ്ടതിന് അത്യാവശ്യമാണ്. ഒരു കർഷകന്റെ തോട്ടത്തിനും സാഹചര്യങ്ങൾക്കും ഏറ്റവും യോജിച്ച ടാപ്പിങ്രീതി തെരഞ്ഞെടുക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി റബ്ബർമരങ്ങളെ മെരുക്കിയെടുക്കുകയും ചെയ്താൽ റബ്ബറുത്പാദനം ഓരോ ഇനങ്ങളുടെയും ഉത്പാദനക്ഷമതയ്ക്ക് തുല്യമാക്കി ഉയർത്താൻ സാധിക്കുന്നതാണ്. •



എം.ജി. സതീഷ് ചന്ദ്രൻ

2

ചില ജാലകക്കാഴ്ചകൾ

1960-കളിൽ വിപുലമായ ഒട്ടേറെ പ്രചാരണ-വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ബോർഡ് നടത്തുകയുണ്ടായിട്ടുണ്ട്. കൃഷിവികസനപദ്ധതികൾ മാത്രമല്ല ശാസ്ത്രീയ കൃഷിരീതികളും ഒന്നാംതലമുറ കർഷകരിലേക്ക് നിരന്തരം എത്തിക്കേണ്ടിയിരുന്നു. (ബോർഡ് സ്ഥാപിതമാകുന്നതിന് മുമ്പ് മറ്റു ചില മാധ്യമങ്ങൾ - പ്രത്യേകിച്ച് മലയാള മനോരമ ദിനപത്രം - റബ്ബർകൃഷി പ്രചരിപ്പിക്കുന്നതിന് വേണ്ടി നടത്തിയ ശ്രമങ്ങൾ സ്മരണീയമാണ്. അന്ന് ആ പത്രത്തിൽ വന്ന വാർത്തകളിൽ പ്രധാനപ്പെട്ടവ ഇന്ത്യയിലെ റബ്ബർകൃഷിയുടെ നൂറാം വർഷം ആഘോഷിച്ച 2002-ൽ റബ്ബർമാസിക പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.) അത്തരം ഒരു പ്രചാരണ പരിപാടി 1966 ഫെബ്രുവരിയിൽ നടന്നതിന്റെ വിശദാംശങ്ങൾ ആയിടെ പ്രസിദ്ധീകരിച്ച മാസികയിൽ കാണാം.

1966 ഫെബ്രുവരി 18, 19, 20 തീയതികളിൽ പാലായിൽ നടന്ന ഒരു സെമിനാറാണ് അത്. മീനച്ചിൽ റബ്ബർ ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ആ ത്രിദിനസെമിനാർ സംഘടിപ്പിച്ചത്. ബോർഡിലും പുറത്തുമുള്ള കാർഷികവിദഗ്ധർ ക്ലാസ്സെടുത്ത വിപുലമായ ഈ സെമിനാറിന്റെ ഭാഗമായി മൂന്നുദിവസവും വൈകുന്നേരം സാംസ്കാരികപരിപാടികളും നടത്തിയിരുന്നു. സെമിനാറിനു മുൻപ് മാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന കാര്യപരിപാടിയിൽ സമാപനസമ്മേളനത്തിലെ പ്രസംഗകരുടെ കൂട്ടത്തിൽ ഇങ്ങനെ രണ്ടുപേരുകൾ കാണാം: പൊൻകുന്നം വർക്കി, കെ. കരുണാകരൻ. ആ വാർത്ത വരുന്നതിന് ഏതാനും മാസങ്ങൾക്കു മുൻപ് തെരഞ്ഞെടുക്കപ്പെട്ട ബോർഡ് വൈസ് ചെയർമാൻ ആയിരുന്നു കെ. കരുണാകരൻ. അന്ന് നാൽപത്തേഴു വയസ്സുകാരനായിരുന്ന ആ എം.എൽ.എ. -യെ പിന്നീട് കേരളമുഖ്യമന്ത്രിയായും അഖിലേന്ത്യാ നേതാവായും ഒക്കെ നമ്മൾ അറിയും. സെമിനാർ പ്രമാണിച്ച് ഫെബ്രുവരിയിലെ റബ്ബർമാസിക 150 പേജുകളടക്കം പ്രത്യേക പതിപ്പായിട്ടാണ് ഇറക്കിയത്. തൊട്ടടുത്തമാസം ഇറങ്ങിയ മാസികയിൽ സെമിനാറിലെ പ്രബന്ധങ്ങളുടെ സംക്ഷിപ്ത വിവരണമടക്കം വിപുലമായ റിപ്പോർട്ടും നൽകിയിരുന്നു.

കേരളമുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും കൃഷിമന്ത്രി എം.എൻ. ഗോവിന്ദൻ നായരും മീനച്ചിൽ താലൂക്ക് റബ്ബർകർഷക സഹകരണസംഘം സന്ദർശിച്ചതിന്റെ വാർത്തയും ഫോട്ടോയും 1967 ജൂൺ ലക്കം മാസികയിൽ കാണാം.

നെട്ടുകാൽത്തേരിയിലെ തുറന്ന ജയിലിൽ 1962-ൽ ആരംഭിച്ച റബ്ബർകൃഷിയെപ്പറ്റിയുള്ള റിപ്പോർട്ട് 1966 ഏപ്രിലിലെ മാസികയിലുണ്ട്. പലതവണത്തെ ആവർത്തനക്കൃഷികളിലൂടെ അവിടുത്തെ റബ്ബർകൃഷി ഇപ്പോഴും തുടരുന്നു എന്നത് സന്തോഷകരം തന്നെ.

റബ്ബറിന് ബദൽ ഉപയോഗമാർഗങ്ങൾ കണ്ടെത്താനും ആവശ്യകത വർധിപ്പിക്കാനുമുള്ള പല ശ്രമങ്ങളും 1970-കളോടെ നടക്കുന്നുണ്ട്. അതിൽ പ്രധാനമായതാണ് റോഡ് റബ്ബറൈസേഷൻ. റോഡുകളുടെ ആയുസ്സ് പകുതി കണ്ട് വർദ്ധിപ്പിക്കാനുതകുന്ന ഈ സാങ്കേതികവിദ്യ പിന്നീട് വ്യാപകമായി ചർച്ചചെയ്യപ്പെട്ടു. കേരള പൊതുമരാമത്തുവകുപ്പ് നടത്തുന്ന ഒരു റബ്ബറൈസ്ഡ് റോഡിന്റെ നിർമാണം അന്നത്തെ മുഖ്യമന്ത്രി

വാർത്തകളും കുറിപ്പുകളും

കേരള മുഖ്യമന്ത്രിയും കൃഷിവകുപ്പമന്ത്രിയും മീനച്ചിൽ താലൂക്ക റബ്ബർ കർഷക സഹകരണ സംഘം സന്ദർശിച്ചു

കേരള മുഖ്യമന്ത്രി ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും, കൃഷിവകുപ്പ മന്ത്രി ശ്രീ എം. എൻ. ഗോവിന്ദൻ നായരും മെയ് 9-ാം തീയതി മീനച്ചിൽ താലൂക്ക റബ്ബർ കർഷക സഹകരണ സംഘം സന്ദർശിച്ചിരിക്കുന്നു. മന്ത്രിമാരെ സംഘം പ്രസിഡണ്ട് ശ്രീ പി. ഒ. കര്യാക്കോസും, ശ്രീ പി. ജെ. തോമസും സംഘാംഗങ്ങളും ചേർന്ന് സ്വീകരിച്ചു. മന്ത്രിമാരോടൊപ്പം ശ്രീ പി. കെ. വാസുദേവൻ നായർ എം. പി, സർവ്വശ്രീ കെ. എം. മാണി, കെ. ടി. ജേക്കബ്ബ് പന്തളം. പി.ആർ. മാധവൻ പിള്ള എന്നീ എം.എൽ.എ മാരും ഉണ്ടായിരുന്നു.

സംഘം സെക്രട്ടറി ശ്രീ പി. ജെ. തോമസ് കേരള ഗവണ്മെൻറിൻെറ ധാർമ്മികപിന്തുണ അഭ്യർത്ഥിച്ചുകൊണ്ട്, സംഘത്തിൻെറ പേരിൽ മുഖ്യമന്ത്രിക്കും, കൃഷി മന്ത്രി

മുഖ്യമന്ത്രി സന്ദർശകരുടെ ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തുന്നു

ജൂൺ, 1967

ഇ.കെ. നായനാർ ഉദ്ഘാടനം ചെയ്യുന്നതിനെപ്പറ്റിയുള്ള റിപ്പോർട്ട് 2000 ജനുവരിയിലെ മാസികയിൽ കാണാം.

റബ്ബർകൃഷിയിലും പരിപാലനമുറകളിലും വരുന്ന മാറ്റങ്ങളുടെ ചരിത്രവും മാസികയുടെ താളുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആദ്യകാലത്ത് ക്ലോണൽ തൈകളായിരുന്നു കൃഷിക്ക് ഉപയോഗിച്ചിരുന്നത്. പിന്നെ കുരു ഇട്ട് ഫീൽഡു ബഡ്ഡ് ചെയ്യുന്ന രീതിയും തുടർന്ന് ഒട്ടുതൈക്കുറ്റികളും വന്നു. എൺപതുകളുടെ തുടക്കത്തോടെ കൂടത്തൈകൾ പ്രചാരം നേടുന്നതു കാണാം. കഴിഞ്ഞ ഒന്നര ദശകത്തിനിടയ്ക്കാണ് കപ്പുതൈകൾ കളം പിടിച്ചടക്കുന്നത്. 'സ്റ്റംപ്ഡ് ബഡ്ഡിങ്ങു'കൾ എന്നൊരുതരം നടീൽവസ്തുക്കൾ പരീക്ഷിച്ചുനോക്കപ്പെട്ടെങ്കിലും അവ കാര്യമായ പ്രചാരം നേടിയില്ല. മുൻകാലത്തുതന്നെ കണ്ടെത്തിയിരുന്ന 'ക്രൗൺ ബഡ്ഡിങ്' രീതിയിൽ ഇപ്പോൾ വീണ്ടും താൽപര്യം ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്.

നടീലിനങ്ങളുടെ കാര്യത്തിലും ഈ മാറ്റം കാണാം. വിളപ്പൊലിമയുള്ള വിദേശയിനങ്ങളിൽ നിന്നു മാറി തദ്ദേശീയമായി വികസിപ്പിച്ച ആർആർഐഐ 105 ഏതാണ്ട് പൂർണമായി കളം കൈയ്യടക്കുന്നതാണ് 80-കളോടെ നാം കാണുന്നത്. പിന്നീട് ബഹുക്ലോൺ കൃഷിരീതി ബോർഡ് ശുപാർശ ചെയ്യുന്നുണ്ടെങ്കിലും അതു കാര്യമായി അനുവർത്തിക്കപ്പെട്ടില്ല. 2005-ഓടെ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ച 400 പരമ്പരയിനങ്ങൾ കൃഷിക്കായി ശുപാർശ ചെയ്യപ്പെട്ടു.

കൃഷിപരിപാലനമുറകളിലും കാലാനുസൃതമായി നവീകരണം ഉണ്ടാകുന്നത് റബ്ബർമാസികയിൽ ദൃശ്യമാണ്. സസ്യസംരക്ഷണം, വളപ്രയോഗം ഇവയിൽ വരുന്ന മാറ്റങ്ങൾ, ഔഷധസസ്യങ്ങൾ അടക്കമുള്ള ഇടവിളകളുടെ ശുപാർശ, യന്ത്രവത്കരണത്തിലുള്ള ഊന്നൽ, നിയന്ത്രിതകമിഴ്ത്തിവെട്ടും ഇടവേളകൂടിയ വിളവെടുപ്പും അടക്കം ടാപ്പിങ്ങിൽ ഉണ്ടായ വലിയ മാറ്റങ്ങൾ, അധിക വരുമാനമാർഗങ്ങൾ, ഇവയൊക്കെ അനുവർത്തിച്ച കർഷകരുടെ വിജയകഥകൾ – ഇതെല്ലാം മാസിക വലിയ പ്രാധാന്യത്തോടെ കർഷകരിലേക്കെത്തിച്ചു. ആ പ്രവർത്തനം ഇപ്പോഴും തുടരുകതന്നെയാണ്. മാസികയുടെ പാരായണക്ഷമതയും ജനകീയതയും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ചില ശ്രമങ്ങളും നടന്നിട്ടുണ്ട്. എഴുപതുകളുടെ അവസാനം ചില ചെറുകഥകൾ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. വികസനോദ്യോഗസ്ഥനും കലാകാരനുമായ കെ.എൻ.ജി. മേനോനായിരുന്നു കഥാകൃത്ത്. ഇത്തരം സർഗാത്മകസൃഷ്ടികൾ പിന്നീട് മാസികയിൽ തുടർന്നതായി കാണുന്നില്ല.

◆ ഗ്രാമകേരളം

75 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ

മുരളീധരൻ തഴക്കര

ഒരു വട്ടംകൂടി

ഓർമ്മകൾ മേയുന്ന തിരുമുറ്റത്ത്

മുരളീധരൻ തഴക്കരയുടെ രചനയും കുമാർ പി. മൂക്കുതലയുടെ വരയും



രേഖാചിത്രകാരൻ നമ്പൂതിരി വരച്ച റബ്ബർമാസികയുടെ മുഖച്ചിത്രം

മാസികയുടെ ചരിത്രത്തിൽ കൂടുതൽ വായനക്കാരെ നേടിയ സർഗാത്മക പംക്തി ഒരുപക്ഷെ പ്രശസ്ത പ്രക്ഷേപകനും എഴുത്തുകാരനുമായ മുരളീധരൻ തഴക്കരയുടേതാവണം. മലയാളിയുടെ ജീവിതത്തിലും കാർഷികരംഗത്തും പൊതുസമൂഹത്തിലും നിന്നൊക്കെ അപ്രത്യക്ഷമായ ചില വസ്തുക്കളെയും ശീലങ്ങളെയും ആചാരങ്ങളെയുമൊക്കെ ഗൃഹാതുരതയോടെ നമ്മുടെ മനസ്സിലേക്ക് പുനരാനയിക്കുന്ന ഈ പംക്തി പല പേരുകളിൽ വർഷങ്ങളായി ഇന്നും തുടർന്നുപോരുന്നുണ്ട്. ബോർഡിലെ തന്നെ വികസനോദ്യോഗസ്ഥനും കവിയും ചിത്രകാരനുമായ കുമാർ പി. മൂക്കുതല ഈ സൃഷ്ടികൾക്കു വരച്ചുചേർത്ത ചിത്രങ്ങളും ഏറെ ജനപ്രിയമായി. (റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറും പിന്നീട് ബോർഡു മെമ്പറുമായിരുന്ന പി.കെ. രാമചന്ദ്രന്റെ താൽപര്യത്തിൽ കളമശ്ശേരിയ്ക്കടുത്തുള്ള വിശാലമായ പൊന്നക്കുടം കാവിൽ ക്ഷണിക്കപ്പെട്ട സദസ്സിനു മുമ്പിൽ ഈ പംക്തിയുടെ വിഷയഭൂമിക മുരളീധരൻ തഴക്കര അവതരിപ്പിക്കുകയും കുമാർ പി. മൂക്കുതല അത് ക്യാൻവാസിൽ തൽസമയം ദൃശ്യവത്കരിക്കുകയും ചെയ്ത പരിപാടി ആ പംക്തിയുടെ ജനപ്രിയതയ്ക്ക് തെളിവായി.)

പ്രമുഖ സാഹിത്യകാരൻ പായിപ്ര രാധാകൃഷ്ണൻ സാക്ഷാത്കരിച്ച 'തണൽ' എന്ന പംക്തിയായിരുന്നു മറ്റൊന്ന്. മാസികയുടെ ഉള്ളടക്കത്തിലേക്ക് കർഷകരെ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളെയും പൊതുസമൂഹത്തെയുംകൂടി ഭാഗഭാക്കാക്കുന്നതിന് ഉതകുന്ന രീതിയിൽ, കഥകളും ലേഖനങ്ങളും കവിതകളുമൊക്കെ ചേർന്ന ഒരു ക്യാൻവാസായിരുന്നു 'തണ'ലിന്റേത്. ഈ വിവിധ വിഭാഗങ്ങൾക്കായി ഒരു മത്സരവും നടത്തുകയുണ്ടായി.

റബ്ബർകർഷകന്റെ 'വക്താവ്' ആയി തോട്ടത്തിലാശാന്റെ രംഗപ്രവേശമാണ് മറ്റൊന്ന്. മാസികയുടെ അവസാന പേജിലെ ഈ 'കാർഷിക കാർട്ടൂൺ' പ്രശസ്ത കാർട്ടൂണിസ്റ്റും കാർട്ടൂൺ അക്കാദമി മുൻ ചെയർമാനുമായ പ്രസന്നൻ ആനിക്കാടിന്റെ സൃഷ്ടിയാണ്. റബ്ബർകൃഷിയിലെ വിവിധ ശുപാർശകളും ഈ രംഗത്തെ പ്രശ്നങ്ങളുമൊക്കെ നർമത്തിൽ ചാലിച്ച് ആശാനും ടാപ്പർ കുഞ്ഞൂട്ടിയും ചേർന്ന് അവതരിപ്പിക്കുന്നു.

പ്രഗത്ഭരും പ്രസിദ്ധരുമായ പലരുടെയും റബ്ബർകൃഷിയുടെ വിശദവാർത്തകളും ഫീച്ചറുകളായി മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മഹാകവി ഒളപ്പമണ്ണ, 'വരയുടെ പരമശിവ'നായ രേഖാചിത്രകാരൻ നമ്പൂതിരി, പ്രശസ്ത നടൻ ഒടുവിൽ ഉണ്ണികൃഷ്ണൻ, ജ്ഞാനപീഠജേതാവ് മഹാകവി അക്കിത്തം എന്നിവർ ഈ 'കർഷക'രിൽപെടുന്നു.

* * * * * * *

ജാലകത്തിലൂടെയുള്ള കാഴ്ചയ്ക്ക് – അത് അകത്തുനിന്നായാലും പുറത്തുനിന്നായാലും – ഒരു സമഗ്രദർശനം നൽകുക സാധ്യമല്ല. അറുപതു വർഷത്തെ മാസികയുടെ ജീവിതത്തിൽനിന്നുള്ള ചില ചിതറിയ ചിത്രങ്ങൾ മാത്രമേ ഇവിടെ അവതരിപ്പിക്കാനായിട്ടുള്ളൂ. ഇതുവരെയുള്ള എഴുന്നൂറിലധികം ലക്കങ്ങളിൽ ചിതറിക്കിടക്കുന്ന ഒട്ടേറെ കാര്യങ്ങൾ, വ്യക്തികൾ, സംഭവങ്ങൾ ഒക്കെ പരാമർശ വിധേയമാകേണ്ടവയായി ഇനിയും ഉണ്ടാകാം.

കണക്കെടുപ്പുകൾ ഇനിയും വരാനുണ്ടല്ലോ.

(ലേഖകൻ റബ്ബർമാസികയുടെ മുൻ എഡിറ്ററും റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം മുൻ ഡെപ്യൂട്ടി ഡയറക്ടറുമാണ്) ●

ബെന്നി കെ.കെ.
പബ്ലിസിറ്റി ഓഫീസർ

നാലരപ്പതിറ്റാണ്ടിലെ റബ്ബർമാസികകളുമായി സദാനന്ദൻ

റബ്ബർമാസിക വരുത്തി വായിച്ച് കാര്യങ്ങൾ മനസ്സിലാക്കി റബ്ബർ കൃഷിചെയ്യുന്ന ധാരാളം കർഷകരുണ്ട്. എന്നാൽ ഓരോ മാസവും ലഭിക്കുന്ന മാസികകൾ വായിച്ച ശേഷം സൂക്ഷിച്ചുവെയ്ക്കുന്ന കർഷകർ വളരെ കുറവായിരിക്കും. കൊല്ലം ജില്ലയിലെ പത്തനാപുരത്ത് പിടവൂരിലുള്ള സദാനന്ദൻ എന്ന റബ്ബർകർഷകൻ താൻ റബ്ബർകൃഷി തുടങ്ങിയ കാലം മുതൽ തന്നെ റബ്ബർമാസികയുടെ വരിക്കാരനാകുകയും തനിക്ക് ലഭിച്ച മാസികകളെല്ലാം കൃത്യമായി സൂക്ഷിച്ചുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. 1979-ലാണ് സദാനന്ദൻ റബ്ബർകൃഷി തുടങ്ങിയത്. അന്നുമുതൽ ഇന്നുവരെയുള്ള 46 വർഷത്തെ റബ്ബർമാസികകൾ അദ്ദേഹം വളരെ ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

പതിനെട്ടാം വയസ്സിൽ പട്ടാള സേവനത്തിന് പോയി പത്തുവർഷത്തിനു ശേഷം തിരികെയെത്തി. തുടർന്ന് 24 വർഷം കെ.എസ്.ആർ. ടി.സി.-യിലും ജോലി ചെയ്ത് വിരമിച്ച 83 കാരനായ സദാനന്ദന്റെ കാര്യങ്ങളെല്ലാം പട്ടാളച്ചിട്ടയിലാണ്. കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവറായി ജോലി ചെയ്യുന്ന സമയത്താണ് സദാനന്ദൻ റബ്ബർകൃഷി തുടങ്ങിയത്. പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയും റബ്ബർ ബോർഡ് ഓഫീസും അടുത്തടുത്തായിരുന്നതിനാൽ റബ്ബർബോർഡ് ഓഫീസിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു സദാനന്ദൻ. എന്തുകാര്യം ചെയ്യുമ്പോഴും നന്നായി പഠിച്ച് പ്രാവർത്തികമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി.

റബ്ബർകൃഷിയെ സംബന്ധിച്ച് ഏറ്റവും പുതിയതും ശാസ്ത്രീയവുമായ കാര്യങ്ങൾ അറിയാൻ ഉത്തമമായ മാർഗം റബ്ബർമാസിക വായിക്കുക എന്നതാണെന്ന് സദാനന്ദൻ തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ മാസികയുടെ ഒരു ആയുഷ്കാല വരിക്കാരനായി ചേർന്നു. ഓരോ മാസവും മാസികയിൽ വരുന്ന ചില ലേഖനങ്ങളിലെ വിവരങ്ങൾ തനിക്ക് അപ്പോൾ ആവശ്യമില്ലെങ്കിലും പിന്നീട് ഉപകാരപ്പെട്ടേക്കാം എന്ന കണക്കുകൂട്ടലിലാണ്

അദ്ദേഹം മാസികകൾ സൂക്ഷിച്ചുവെയ്ക്കാൻ തുടങ്ങിയത്. മിക്ക വീടുകളിലും സാധാരണ ചെയ്യുന്നതുപോലെ മാസികകളെല്ലാം ഒരു സ്ഥലത്ത് അടുക്കി കെട്ടിവെയ്ക്കുകയല്ല സദാനന്ദൻ ചെയ്തത്. ഒരു ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്ന കൃത്യതയോടെ ഓരോ മാസത്തെയും മാസികൾ ഓരോ പ്ലാസ്റ്റിക് കവറുകളിൽ ആക്കിയ ശേഷം മൂന്നു വർഷത്തെ മാസികകളെല്ലാം ഒരു ഫയലിൽ എന്ന രീതിയിലാണ് അദ്ദേഹം മാസികകൾ സൂക്ഷിച്ചുവെച്ചിട്ടുള്ളത്. മാത്രമല്ല ഓരോ ഫയലിന്റെ വശങ്ങളിലും പ്രത്യേകം ലേബൽ ചെയ്യാനും അദ്ദേഹം മറന്നിട്ടില്ല. ഇങ്ങനെ ചെയ്തിരിക്കുന്നതുകൊണ്ട് ഏതെങ്കിലും പഴയ ലേഖനങ്ങൾ പിന്നീട് ആവശ്യം വരുമ്പോൾ തപ്പിയെടുക്കുന്നതിന് എളുപ്പമായിരിക്കും.

ഓരോ കൃഷിപ്പണികൾ ചെയ്യുമ്പോഴും വളരെ ചിട്ടയോടുകൂടി അവ നടപ്പാക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമാണ്. ഭാര്യ ചന്ദ്രമണിയും അക്കാര്യത്തിൽ കട്ട സപ്പോർട്ട് ആണ് എന്നാണ് സദാനന്ദൻ പറഞ്ഞത്. റബ്ബർ നടുന്നതിനായി സ്ഥലം വാങ്ങിയ ഉടനെ തന്നെ സ്ഥലത്തിന്റെ അതിരുകൾ കൃത്യമായി കല്ലുകെട്ടി തിരിച്ചു. അയൽക്കാരുമായി പിന്നീട് ഒരു അതിർത്തിത്തർക്കം ഉണ്ടാകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അടുത്ത

46 വർഷത്തെ റബ്ബർമാസികകൾ ഫയലുകളിലാക്കി സദാനന്ദന്റെ വീട്ടിലെ സ്വീകരണമുറിയിലെ അലമാരയിൽ സൂക്ഷിച്ചിരിക്കുന്നു

സദാനന്ദനും ഭാര്യ ചന്ദ്രമണിയും

പടി ചെരുവുള്ള ഭൂമിയിൽ പരമാവധി കയ്യാലകൾ കെട്ടുക എന്നുള്ളതായിരുന്നു. മണ്ണും ജലവും സംരക്ഷിക്കാൻ ഇത് വളരെയധികം ഉപകാരപ്പെടുന്നു. പറമ്പിൽ നിന്ന് ലഭിക്കുന്ന ചെറിയ കല്ലുകളെല്ലാം ചേർത്ത് കയ്യാലകൾ നിർമിക്കുന്നത് സദാനന്ദന് ഒരു ഹോബിയാണ്. കല്ലുകൾ അടുക്കി മനോഹരമായി കയ്യാല നിർമിക്കുന്നതിൽ സദാനന്ദന് ഒരു പ്രത്യേക വൈദഗ്ധ്യവും ഉണ്ട്.

1979-ൽ റബ്ബർകൃഷിക്ക് തുടക്കമിട്ടപ്പോൾ പറമ്പിൽ കൃത്യമായ അകലത്തിൽ കുഴികൾ എടുത്ത് മൂടി അവിടെ മുളപ്പിച്ച വിത്തുകൾ നട്ട് തൈകൾ വളർത്തിയെടുത്ത ശേഷം ബഡ്ഡു ചെയ്യുകയായിരുന്നു. ആർആർഐഐ 105 എന്ന ഇനമാണ് ബഡ്ഡു ചെയ്തു പിടിപ്പിച്ചത്. തൈകൾക്ക് നല്ല വേരുപടലം ഉണ്ടായിരുന്നതുകൊണ്ട് ബഡ്ഡിൽ നിന്ന് വന്ന കിളിർപ്പുകളെല്ലാം വളരെ വേഗം വളർന്നു. മരങ്ങൾ ടാപ്പിങ്ങിന് പാകമായപ്പോഴേക്കും സദാനന്ദൻ ടാപ്പിങ്ങും പഠിച്ചെടുത്തു. അന്നു നട്ട തൈകളിൽ നിന്ന് മികച്ച ആദായം ലഭിച്ചു എന്നാണ് സദാനന്ദൻ പറഞ്ഞത്.

1979-ൽ കൃഷിചെയ്ത തോട്ടത്തിലെ മരങ്ങളിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് അടക്കം നടപ്പാക്കി പരമാവധി ആദായം എടുത്ത ശേഷമാണ് 2015-ൽ മുറിച്ചുമാറ്റി ആവർത്തനക്കൃഷി നടത്തിയത്. റബ്ബർബോർഡ് പുതുതായി പുറത്തിറക്കിയ ആർആർഐഐ 414, ആർആർഐഐ 430 എന്നീ ഇനങ്ങൾ ഉപയോഗിച്ചാണ് ആവർത്തനക്കൃഷി നടത്തിയത്. സ്വന്തം നഴ്സറിയിൽ തന്നെ ഉത്പാദിപ്പിച്ച ഗുണമേന്മയുള്ള തൈകൾ ഉപയോഗിച്ചായിരുന്നു നടീൽ. ആദ്യത്തെ രണ്ടുവർഷം ഇടവിളകൾ കൃഷി ചെയ്ത ശേഷം തോട്ടം മുഴുവൻ തോട്ടപ്പയർ പടർത്തി. മണ്ണും ഇലയും പരിശോധിച്ച ശേഷം മാത്രമേ സദാനന്ദൻ തോട്ടത്തിൽ വളം ചെയ്യാറുള്ളൂ. വളപ്രയോഗത്തിന് വേണ്ടിവരുന്ന ചെലവ് കുറയ്ക്കാനും തൈകളുടെ ആരോഗ്യത്തോടെയുള്ള വളർച്ചയ്ക്കും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം വളരെ ഗുണം ചെയ്യുന്നുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. രോഗങ്ങൾക്കെതിരെ കൃത്യമായി മരുന്നുതളി നടത്താനും ശ്രദ്ധിച്ചുവരുന്നു.

2015-ൽ കൃഷിചെയ്ത തോട്ടത്തിലെ 90 ശതമാനത്തിൽ കൂടുതൽ മരങ്ങളും ഒരേ വണ്ണത്തിൽ വളർന്നു നിൽക്കുന്നത് സദാനന്ദന്റെ തോട്ടംപരിപാലന മികവ് എടുത്തു കാണിക്കുന്നു. ഈ മരങ്ങൾ ടാപ്പുചെയ്ത് ആദായമെടുത്ത് തുടങ്ങി. മരങ്ങളിൽ പിടിപ്പിച്ചിരിക്കുന്ന കമ്പികൊണ്ടുള്ള കപ്പുതാങ്ങികളും സദാനന്ദൻ സ്വയം രൂപകൽപന ചെയ്ത് നിർമിച്ചവയാണ്. പാലെടുത്ത

സദാനന്ദൻ 2002-ൽ മികച്ച റബ്ബർകർഷകനുള്ള റബ്ബർബോർഡിന്റെ അവാർഡ് ഏറ്റുവാങ്ങുന്നു

ശേഷം ചിരട്ട താഴെ വീഴാത്തവിധം ഇതിൽ കമിഴ്ത്തി വെയ്ക്കാൻ പറ്റും. മൂന്നു ദിവസത്തിലൊരിക്കലാണ് ടാപ്പിങ്. 2015-ൽ കൃഷിചെയ്ത 270 മരങ്ങളും ഇപ്പോൾ ടാപ്പുചെയ്യുന്നുണ്ട്. ഇത് കൂടാതെ 1995-ൽ കൃഷിചെയ്ത ആർആർഐഐ 105 ഇനത്തിൽപ്പെട്ട 250 റബ്ബർമരങ്ങളും ടാപ്പുചെയ്ത് ആദായമെടുക്കുന്നുണ്ട്. മുമ്പ് സ്വയം ടാപ്പ് ചെയ്തിരുന്ന സദാനന്ദന് ഇപ്പോൾ ഇത്രയും മരങ്ങൾ ടാപ്പുചെയ്യുന്നതിന് ആരോഗ്യക്കുറവ് ഉള്ളതിനാൽ ഒരു ടാപ്പറെ വെച്ചാണ് ആദായം എടുക്കുന്നത്. തോട്ടത്തിൽ നിന്ന് ലഭിക്കുന്ന റബ്ബർപാൽ സംസ്കരിച്ച് പുകപ്പുരയിൽ ഉണക്കി ഉയർന്ന ഗ്രേഡിലുള്ള ഷീറ്റായിട്ടാണ് വിപണനം നടത്തുന്നത്. ഇതിനായി മോട്ടോർ ഘടിപ്പിച്ച റബ്ബർ റോളറും നല്ലൊരു പുകപ്പുരയും അദ്ദേഹത്തിനുണ്ട്. ഷീറ്റ് അടിക്കുന്നതിനുള്ള റബ്ബർറോളർ വെച്ചിരിക്കുന്ന ഷെഡ്ഡിന്റെ തട്ടും തറയുമെല്ലാം ടൈൽ ഒട്ടിച്ച് വൃത്തിയാക്കിയിരിക്കുന്നത് ആരുടെയും ശ്രദ്ധയെ ആകർഷിക്കും. റബ്ബർപാൽ സംസ്കരിക്കുമ്പോൾ ഉണ്ടാകുന്ന മലിനജലം ബയോഗ്യാസ് പ്ലാന്റിലേക്കാണ് പോകുന്നത്. ഇവിടെനിന്ന് ലഭിക്കുന്ന ഗ്യാസ് അടുക്കളയിൽ പാചകത്തിന് ഉപയോഗിക്കുന്നു.

സദാനന്ദന്റെ തോട്ടത്തിലെ മരങ്ങൾക്കെല്ലാം പരീക്ഷണത്തോട്ടങ്ങളിൽ വിവരശേഖരണത്തിനായി നമ്പരെഴുതുന്നതുപോലെ പെയിന്റ് ഉപയോഗിച്ച് നമ്പർ നൽകിയിട്ടുണ്ട്. സദാനന്ദന്റെ ഡയറിയിലും ഈ നമ്പരുകൾ രേഖപെടുത്തും. ഏതെങ്കിലും ഒരു മരത്തിന് രോഗങ്ങളോ മറ്റു പ്രശ്നങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ടാപ്പർ അത് മരത്തിന്റെ നമ്പർ സഹിതം സദാനന്ദനെ ധരിപ്പിക്കും. ഉടൻതന്നെ സദാനന്ദൻ അതിനുവേണ്ട നടപടികൾ എടുത്തിരിക്കുമെന്നുമാത്രമല്ല വിശദവിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യും. അങ്ങനെ സദാനന്ദന്റെ തോട്ടത്തിലെ ഓരോ മരത്തെയും കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ആ ഡയറിയിൽ നിന്നും വായിച്ചെടുക്കാൻ സാധിക്കും.

സദാനന്ദൻ രൂപകൽപന ചെയ്ത കപ്പുതാങ്ങി

സ്വയം നിർമ്മിച്ച കയ്യാലയ്ക്കരികിൽ സദാനന്ദൻ

കൃഷിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ സൂക്ഷിക്കുന്നതിലും സദാനന്ദൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. 1979-ൽ റബ്ബർതൈ നടുന്നതിനായി കുഴിയെടുത്തതിന് എത്രയായിരുന്നു കൂലി എന്നറിയാൻ സദാനന്ദന്റെ ഡയറി നോക്കിയാൽ മതി.

2002-ൽ ഏറ്റവും മികച്ച റബ്ബർകർഷകനുള്ള അവാർഡ് നൽകി റബ്ബർബോർഡ് സദാനന്ദനെ ആദരിച്ചു. 2008 മുതൽ മൂന്നുവർഷക്കാലം കർഷകപ്രതിനിധി എന്ന നിലയിൽ റബ്ബർബോർഡ് മെമ്പറും ആയിരുന്നു അദ്ദേഹം. ഇക്കാലയളവിൽ റബ്ബർകർഷകർക്ക് പ്രയോജനപ്പെടുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ബോർഡുയോഗങ്ങളിൽ ഉന്നയിച്ച് അംഗീകാരം നേടാൻ സദാനന്ദന് കഴിഞ്ഞിട്ടുണ്ട്. പിടവൂർ മാതൃകാ റബ്ബറുത്പാദകസംഘത്തിൽ അംഗവുമാണ് സദാനന്ദൻ.

താൻ വായിച്ചും പ്രവർത്തിച്ചും പരീക്ഷിച്ചും നേടിയ കൃഷിയറിവുകൾ മറ്റു കർഷകർക്ക് പകർന്നു നൽകുന്നതിന് സദാനന്ദന് സന്തോഷമേയുള്ളു. തന്റെ തോട്ടത്തിൽ എത്തുന്ന കർഷകർക്ക് എല്ലാം പറഞ്ഞു കൊടുക്കുന്നതിനും കർഷകയോഗങ്ങളിൽ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തുന്നു.

രണ്ട് ആൺമക്കളാണ് സദാനന്ദന്. മൂത്തമകൻ നിമിൽ റബ്ബർബോർഡിലെ ഉദ്യോഗസ്ഥനാണ്. രണ്ടാമത്തെയാൾ നിഖിൽ സ്കൂൾ അധ്യാപകനാണ്. മക്കൾ രണ്ടുപേരും ചെറുപ്പം മുതൽ സദാനന്ദന്റെ കൂടെ കൃഷിപ്പണികളിൽ വ്യാപൃതരായിരുന്നതുകൊണ്ട് ഇപ്പോൾ ഉദ്യോഗസ്ഥരാണെങ്കിലും ഒഴിവുസമയങ്ങളിൽ കൃഷികാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ട്. ഈ കർഷക കുടുംബത്തിലെത്തിയ അവരുടെ ഭാര്യമാരും കൊച്ചുമക്കളുമെല്ലാം ചെറിയ ചെറിയ കൃഷിപ്പണികളും പൂന്തോട്ട പരിപാലനവുമെല്ലാം ആസ്വദിച്ചു ചെയ്യുന്നു. പഴയ തലമുറയിലെ നന്മകളും കൃഷിയറിവുകളും കൊച്ചുമക്കളായ അഞ്ജിതയ്ക്കും അനഘിനും പകർന്നു നൽകുന്നതോടൊപ്പം അവരിൽ നിന്ന് പുതിയ കാര്യങ്ങൾ പഠിക്കാനും അപ്പൂപ്പനായ സദാനന്ദൻ താൽപര്യം കാണിക്കുന്നു.

സദാനന്ദന്റെ ഫോൺ നമ്പർ : 9447417770 •

പി. ദീപ്തി ദാസ്
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

നീന ജോഷ്വ
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

ടാപ്പിങ് വെല്ലുവിളി ഏറ്റെടുത്ത സ്ത്രീശക്തി

കഴിഞ്ഞവർഷം റബ്ബർബോർഡ് നടപ്പാക്കിയ 'വിവരശേഖരണവും അനുഭവങ്ങൾ പങ്കുവെയ്ക്കലും' (Gathering Information & Sharing Experience) എന്ന കർഷകപരിശീലന പരിപാടിയുടെ ഭാഗമായിട്ടാണ് സുപ്രിയ എന്ന യുവതിയെ പരിചയപ്പെട്ടത്. ദക്ഷിണ കന്നഡ ജില്ലയിലെ ബെൽത്തങ്ങാടി താലൂക്കിൽ ബന്ദാരു വില്ലേജിൽപെട്ട പദ്മുഞ്ജ എന്ന സ്ഥലത്തെ റബ്ബർ കർഷകനായ ശ്രീപതി ഭട്ടിന്റെ മകളാണ് സുപ്രിയ. റബ്ബർകൃഷി അധികം ഇല്ലാത്ത ഒരു പ്രദേശമാണ് പദ്മുഞ്ജ.

വിദഗ്ധരായ ടാപ്പർമാരുടെ കുറവ് മറ്റു റബ്ബർ കൃഷിമേഖലകളിലെന്നപോലെ ഇവിടെയും ഒരു വെല്ലുവിളിയാണ്. സ്വന്തം റബ്ബർതോട്ടത്തിലെ ടാപ്പറുമായി ഉണ്ടായ അഭിപ്രായഭിന്നതയെ തുടർന്ന് ടാപ്പിങ്ങിൽ ശാസ്ത്രീയപരിശീലനം നേടി ടാപ്പിങ്ങിനിറങ്ങിയ ആളാണ് ബിരുദാനന്തര ബിരുദധാരിയായ സുപ്രിയ ഭട്ട്.

സുപ്രിയയുടെ അച്ഛൻ ശ്രീപതി ഭട്ടിന്റെ ഉടമസ്ഥതയിലുള്ള നാലു ഹെക്ടർ സ്ഥലത്ത് 2012-ൽ നട്ട ആർആർഐഐ 430 ഇനത്തിൽപെട്ട രണ്ടായിരം റബ്ബർമരങ്ങളുണ്ട്. വീടിനോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലത്തെ കശുമാവ് മുറിച്ചുമാറ്റിയാണ് അദ്ദേഹം റബ്ബർ നട്ടത്. റബ്ബർ കൂടാതെ 3000 കവുങ്ങും അത്യാവശ്യം തെങ്ങും കുരുമുളകും പച്ചക്കറികളും ഫലവൃക്ഷങ്ങളും ഒക്കെ ശ്രീപതി ഭട്ട് കൃഷി ചെയ്യുന്നുണ്ട്.

ബംഗളൂരുവിലെ ഒരു അമേരിക്കൻ കമ്പനിയിലെ എച്ച്.ആർ. മാനേജർ ആയിരുന്നു എം.കോം. ബിരുദധാരിണിയായ സുപ്രിയ. ജോലി നൽകിയ മാനസിക സമ്മർദം ഒഴിവാക്കാനായി സുപ്രിയ തന്റെ ജോലി ഉപേക്ഷിച്ച് നാട്ടിൽ എത്തി വീട്ടിലെ കൃഷികാര്യങ്ങൾ നോക്കി നടത്താൻ തീരുമാനിച്ചു.

2012-ൽ നട്ട റബ്ബർമരങ്ങൾ ടാപ്പിങ് പ്രായമെത്തിയപ്പോൾ ടാപ്പർമാരുടെ ദൗർലഭ്യം ശ്രീപതി ഭട്ട് എന്ന കർഷകന് ഒരു വെല്ലുവിളിയായി മാറി. എന്നാലും വർഷം തോറും മാറിമാറി വന്ന ടാപ്പർമാരുടെ സഹായത്തോടെ

സുപ്രിയ അച്ഛനമ്മമാരോടൊപ്പം

കഴിഞ്ഞവർഷം വരെ ഒരുവിധം ടാപ്പിങ് നടത്തി. ഇങ്ങനെ മാറി വരുന്ന ടാപ്പർമാരും ശാസ്ത്രീയമല്ലാത്ത ടാപ്പിങ് രീതികളും മൂലം മരങ്ങൾ അധികകാലം ടാപ്പു ചെയ്യാനാകില്ല എന്ന് മനസ്സിലാക്കി ടാപ്പിങ് ഒന്ന് സ്വയം ശ്രമിച്ചുനോക്കിയാലോ എന്ന് സുപ്രിയ തീരുമാനിച്ചു. 'സ്ത്രീകൾക്കൊന്നും പറ്റിയതല്ല ടാപ്പിങ്, അതിന് പ്രത്യേക നൈപുണ്യം വേണം' എന്നു ചിലർ പറഞ്ഞ പ്പോൾ അതിനെ ഒരു വെല്ലുവിളിയായി സുപ്രിയ ഏറ്റെടുത്തു.

ശ്രീപതി ഭട്ട് സുപ്രിയയെയും ഇപ്പോൾ ബംഗളൂരുവിൽ ജോലിചെയ്യുന്ന സുപ്രിയയുടെ സഹോദരിയെയും എന്തിനും പ്രാപ്തരാക്കിയാണ് വളർത്തിയിട്ടുള്ളത്. സുപ്രിയ ബംഗളൂരുവിലെ ജോലി ഉപേക്ഷിച്ച് നാട്ടിൽ വന്ന സമയമായതിനാൽ അച്ഛന്റെ അനുവാദത്തോടെ ടാപ്പിങ് പരിശീലനത്തിന് ചേർന്നു. ധർമസ്ഥല ട്രസ്റ്റിന്റെ കീഴിൽ ബെൽത്തങ്ങാടിയിലുള്ള RUDSET (Rural Development and Self Employment Training Institute) എന്ന സ്ഥാപനത്തിൽ നിന്ന് പത്തുദിവസത്തെ ടാപ്പിങ്പരിശീ ലനം പൂർത്തിയാക്കി.

അതിനുശേഷം സുപ്രിയ സ്വന്തം തോട്ടത്തിലെ 1200 മരങ്ങളിൽ ദിവസം 400 എണ്ണം വീതം മൂന്നു ദിവസത്തി ലൊരിക്കൽ എന്ന ടാപ്പിങ്രീതിയിൽ ടാപ്പുചെയ്യാൻ തുടങ്ങി. അച്ഛനും അമ്മയും നൽകുന്ന പ്രോത്സാഹനം ടാപ്പിങ്ജോലിയിൽ തനിക്ക് ഊർജ്ജം നൽകുന്നുണ്ടെന്ന് സുപ്രിയ പറയുന്നു. ഒരു ഹെക്ടറിൽ നിന്ന് ഒരു വർഷം ശരാശരി 2050 കിലോഗ്രാം ഉണക്കറബ്ബർ എന്ന കണക്കിൽ ഉത്പാദനം ലഭിക്കുന്നുണ്ട്. ഇവിടെ ഉത്പാദിപ്പിക്കുന്ന ഷീറ്റുകൾ 85 ശതമാനവും ഉയർന്ന ഗ്രേഡുകളായാണ് വിൽക്കുന്നത്. ഒട്ടുപാലും പുകപ്പുരയിൽ തന്നെ ഉണക്കി നല്ല ഗുണമേന്മയോടെയാണ് വിപണനം ചെയ്യുന്നത്. റബ്ബർപാൽ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ 1500 ഷീറ്റ് ഉണക്കാവുന്ന ഒരു പുകപ്പുരയും സ്വന്തമായി ഉള്ളത് ജോലികൾ എളുപ്പമാ ക്കുന്നു.

ലേഖകർ സുപ്രിയയുടെ ടാപ്പിങ് നിരീക്ഷിക്കുന്നു

ശോഭാവതി, സുപ്രിയ ഭട്ട്, ശ്രീപതി ഭട്ട് എന്നിവർ തോട്ടത്തിൽ (ഇടത്തുനിന്ന്)

റബ്ബർകൃഷിയെക്കുറിച്ച് കൂടുതലറിയാനായി അറുവ റബറുത്പാദകസംഘവും റബ്ബർബോർഡും നടത്തുന്ന യോഗങ്ങളിൽ എഴുപത്തിമൂന്നുകാരനായ അച്ഛന്റെയും മുപ്പതുകാരിയായ മകളുടെയും സ്ഥിരസാന്നിധ്യമുണ്ട്. റബ്ബർകൃഷിയിൽ ആവശ്യമായ ശാസ്ത്രീയമായ വളപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്രീതികൾ, ഇടവിള ക്കൃഷി, തോട്ടപ്പയർ പരിപാലനം തുടങ്ങിയ ശാസ്ത്രീയ പരിപാലനരീതികളെക്കുറിച്ചെല്ലാം പഠിച്ച് തോട്ടത്തിൽ പ്രാവർത്തികമാക്കി വരുന്നു.

ഈ വർഷവും 1200 മരങ്ങൾ റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യുന്നു. എല്ലാ കാര്യത്തിലും സുപ്രിയയ്ക്ക് കൂട്ടായും സഹായിയായും ശോഭാവതി എന്ന തൊഴിലാളി കൂടെയുണ്ട്. ചിരട്ടപ്പാൽ, വള്ളിപ്പാൽ എന്നിവ ശേഖരി ക്കാനും പാൽ ഉറകൂട്ടാനും ഷീറ്റടിക്കാനും ഉണക്കാനു മെല്ലാം സുപ്രിയയെ ശോഭാവതി സഹായിക്കുന്നു. വെളുപ്പിനെ നാലുമണിക്ക് തുടങ്ങുന്ന ടാപ്പിങ്ങും തുടർ ന്നുള്ള റബ്ബർപാൽ ശേഖരണവും സംസ്കരണവുമെല്ലാം കഴിയുമ്പോഴേക്കും ഉച്ചകഴിഞ്ഞ് 2–3 മണിയാകും.

റബ്ബർടാപ്പിങ് നടത്തുന്നതിൽ വിമുഖത കാണിക്കുന്ന സ്ത്രീകൾക്ക് ഒരു പ്രചോദനമാകാനും സ്ത്രീകൾക്ക് വരുമാനം നേടാൻ നല്ലൊരു ജോലിയാണ് ടാപ്പിങ് എന്ന സന്ദേശം നൽകാനും ശ്രമിക്കുകയാണ് സുപ്രിയ.

ഈ തോട്ടത്തിലെ 2000 മരങ്ങളിൽ 1200 മരങ്ങൾ മാത്രമാണ് ഇപ്പോൾ ഇവർക്ക് ടാപ്പുചെയ്യാൻ സാധിക്കു ന്നത്. എന്നാൽ, ആഴ്ചയിലൊരിക്കൽ എന്ന ടാപ്പിങ്രീതി നടപ്പാക്കിയാൽ മുഴുവൻ മരങ്ങളും ടാപ്പുചെയ്യാൻ സാധിക്കും എന്ന് അഭിപ്രായപ്പെട്ടപ്പോൾ മഴയ്ക്കുശേഷം ആഴ്ചയിലൊരിക്കൽ എന്ന രീതിയിൽ ടാപ്പുചെയ്ത് മുഴുവൻ മരങ്ങളിൽ നിന്നും ഉത്പാദനമെടുക്കണമെന്ന നിശ്ചയദാർഢ്യത്തിലാണ് ഇന്ന് സുപ്രിയ.

റബ്ബർബോർഡ് നൽകുന്ന ഏതാശയവും ഉൾക്കൊ ള്ളാനും ശാസ്ത്രീയമായ കാര്യങ്ങൾ തങ്ങളുടെ തോട്ട ത്തിൽ നടപ്പാക്കാനും ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നു. ബോർഡിന്റെ ഉപദേശങ്ങൾ നടപ്പാക്കുന്നതിലൂടെ അവർക്കുണ്ടാകുന്ന നേട്ടങ്ങൾ മറ്റു കർഷകർക്ക് ഒരു മാതൃകയാണ്. ഏതു ജോലിയിലും പുരുഷനോടൊപ്പം സ്ത്രീകൾക്കും ശോഭിക്കാൻ കഴിയും എന്നതിന് ഒരു ഉദാഹരണമാണ് സുപ്രിയ ഭട്ട്. •

ആതിര അജിത്ത്
ഫീൽഡ് ഓഫീസർ

സഹികയുടെ വിജയഗാഥ

ഐക്യരാഷ്ട്രസംഘടന 2026 'അന്താരാഷ്ട്ര വനിതാ കർഷക വർഷം' (International Year of Women Farmer) ആയി പ്രഖ്യാപിച്ചിരിക്കുന്നു. ഇതുവഴി ആഗോള കാർഷിക രംഗത്ത് വനിതാ കർഷകരുടെ പ്രാധാന്യം എത്രത്തോളം എന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ രംഗത്ത് അവരുടെ പങ്ക് വർദ്ധിപ്പിക്കാനും ഈ ഉദ്യമം ലക്ഷ്യമിടുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം, കൃഷി സംബന്ധമായ സാങ്കേതികവിദ്യയിലുള്ള പരിശീലനത്തിലെ കുറവ്, വിപണനരംഗത്തെ തടസ്സങ്ങൾ, പൊതുനയങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്, ലിംഗ അസമത്വങ്ങൾ എന്നിങ്ങനെ കാർഷികരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികൾ ഒട്ടനവധിയാണ്. മറ്റു കാർഷികവിളകളിലെപ്പോലെ റബ്ബർകൃഷിരംഗത്തും സ്ത്രീകൾ നിർണായക പങ്കുവഹിക്കുന്നുണ്ട്. പ്രത്യേകിച്ച് റബ്ബർകൃഷിയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം വലുതാണ്. വിളപരിപാലനം, ടാപ്പിങ്, ഷീറ്റു നിർമാണം എന്നിങ്ങനെ റബ്ബർകൃഷിയുടെ സമസ്തമേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം പ്രകടമാണ്. ഈ അവസരത്തിൽ അസമിലെ കൊക്രാജാർ ജില്ലയിലുൾപ്പെട്ട ദേബത്തർ കൊപ്പാട്ടി എന്ന ഗ്രാമത്തിലെ കർഷകയായ സഹിക റാഭയുടെ അനുഭവങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാണ്. 'ഗ്രാമത്തിലെ ആദ്യ വനിതാടാപ്പറായ റബ്ബർകർഷക' എന്നാണ് സഹിക എന്ന മധ്യവയസ്ക അറിയപ്പെടുന്നത്. ഈയൊരു വിശേഷണത്തിലേക്ക് സഹികയെ എത്തിച്ചത് അവരുടെ നിശ്ചയദാർഢ്യവും കൃഷിയോടുള്ള സമർപ്പണവുമാണ്.

ദേബത്തർ കൊപ്പാട്ടി എന്ന ഉൾഗ്രാമം അസമിലെ ദുബ്രി ജില്ലയുടെ അതിർത്തിപ്രദേശമാണ്. ബ്രഹ്മപുത്ര നദിയുടെ തീരപ്രദേശമായതുകൊണ്ടുതന്നെ ഫലഭൂയിഷ്ഠമായ മണ്ണാണ് ഈ പ്രദേശത്തുള്ളത്. അസമിലെ ബോഡോ ഗോത്രത്തിൽപെട്ടവരും മറ്റു സമുദായങ്ങളിൽപെട്ടവർക്കുമിടയിൽ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന രാഷ്ട്രീയ, സാമൂഹിക, സാമുദായിക സംഘർഷങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടി വന്ന പ്രദേശമാണ് കൊക്രാജാർ - ദുബ്രി മേഖല. ബി.ടി.സി. (ബോഡോലാൻഡ് ടെറിട്ടോറിയൽ കൗൺസിൽ) എന്ന സ്വയംഭരണപ്രദേശത്തിന്റെ ഔദ്യോഗിക തലസ്ഥാനമാണ് കോക്രാജാർ. ഈ പ്രദേശം ഗോത്ര ജനതയുടെ ആധിപത്യത്തിലാണെങ്കിലും അനധികൃതമായി കടന്നുവന്ന കുടിയേറ്റക്കാരും ബോഡോ ഗോത്ര വിഭാഗക്കാരും തമ്മിൽ ഭൗമാവകാശങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ 1990-കളിൽ ഉടലെടുത്ത ബോഡോ കലാപം അവസാനിക്കുകയും സമാധാന കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തത് 2020-ൽ മാത്രമാണ്. അടിസ്ഥാനസൗകര്യങ്ങളുടെ ദൗർലഭ്യം,

സഹിക റാഭയുടെ വീട്

ഗ്രാമീണർക്ക് സഹിക ശാസ്ത്രീയമായ ഷീറ്റ് നിർമാണത്തിന്റെ അറിവുകൾ പകർന്നു നൽകുന്നു

ദേബത്തർ കൊപ്പാട്ടി പോലുള്ള ഉൾഗ്രാമങ്ങളുടെ വികസനത്തിന് വെല്ലുവിളിയായിരുന്നു. ബോഡോ ഭരണ പ്രദേശമാണെങ്കിലും ടിബറ്റിയൻ-ബർമീസ് വംശത്തിൽ നിന്നും ഉടലെടുത്ത ഗോത്ര വിഭാഗത്തിൽ വരുന്ന 'റാഭ' എന്ന ഗോത്രമാണ് ഈ ഗ്രാമത്തിൽ ഭൂരിഭാഗവും. ഒപ്പം ബോഡോ, ഗാരോ എന്നീ ഗോത്രങ്ങളും ഉണ്ട്. ഈ വിഭാഗങ്ങൾ എല്ലാം തന്നെ റബ്ബർകൃഷിയിൽ നൈപുണ്യമുള്ളവരാണ്. വികസനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഈ ഉൾഗ്രാമത്തിൽ സഹിക റാഭ, 2009-ലാണ് റബ്ബർ കൃഷി ആരംഭിക്കുന്നത്. ഈ പ്രദേശങ്ങളിൽ കർഷകർക്ക് നടീൽവസ്തുക്കൾ സുലഭമായി ലഭിച്ചിരുന്നില്ല. തന്റെ ഗ്രാമത്തിൽ നിന്ന് ഏകദേശം 120 കി.മീ. അകലെയുള്ള, അസമിലെ തന്നെ ഗോൽപാറ ജില്ലയിൽ നിന്നായിരുന്നു സഹിക നടീൽ വസ്തുക്കൾ വാങ്ങിയത്. ആർആർഐഎം 600 എന്ന ഇനത്തിന്റെ 450 ഒട്ടുതൈക്കുറ്റികൾ വാങ്ങി പോളിത്തീൻ കൂടകളിലാക്കി പരിപാലിച്ച് വളർത്തിയശേഷം 0.92 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. അയൽവാസികൾ പലരും സഹികയെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും തങ്ങൾ പരമ്പരാഗതമായി കൃഷിചെയ്തു വന്നിരുന്ന കമുക് അല്ലെങ്കിൽ ചീനി ചമ്പാ കോല (ഒരിനം വാഴ) കൃഷി ചെയ്യാനും ഉപദേശിച്ചു. എന്നാൽ മേഘാലയയിലെ ഗാരോ മലനിരകളിലെയും അസമിലെ ഗോൽപാറയിലെയും റബ്ബർകൃഷിയിലെ വിജയഗാഥകൾ സഹികയ്ക്ക് റബ്ബർകൃഷിയിൽ ഏർപ്പെടാൻ ആത്മവിശ്വാസം നൽകി. നടീൽ പ്രവർത്തനങ്ങൾക്കും മറ്റും വേണ്ടത്ര ആൾക്കാരെ കിട്ടാതെ വന്ന സാഹചര്യത്തിൽ സഹികയും അവരോടൊപ്പം ചേർന്ന് കൃഷിപ്പണികൾ ചെയ്തു. റബ്ബർബോർഡിന്റെ റബ്ബർകൃഷി വികസനപദ്ധതിയിലൂടെ സഹികയ്ക്ക് സാമ്പത്തിക സഹായവും ലഭിച്ചു. റബ്ബർബോർഡിലെ വികസനോദ്യോഗസ്ഥർ സഹികയുടെ കൃഷിസ്ഥലം സന്ദർശിച്ച വേളകളിൽ നൽകിയ നിർദേശങ്ങൾ തോട്ടത്തിൽ പ്രാവർത്തികമാക്കുന്നതിന് അവർ ഉത്സാഹം കാണിച്ചുവെന്നുമാത്രമല്ല മറ്റു കർഷകർക്കിടയിൽ റബ്ബർകൃഷിയുടെ നേട്ടങ്ങൾ പ്രചരിപ്പിക്കാനും ശ്രമിച്ചു.

സ്വന്തമായി നിർമിച്ച റബ്ബർ ഷീറ്റുകളുമായി സഹിക റാഭ

മരങ്ങൾ ടാപ്പിങ്ങിനുപാകമായപ്പോൾ സഹിക നേരിട്ട പ്രധാന പ്രതിസന്ധി ടാപ്പിങ്തൊഴിലാളികളുടെ ദൗർലഭ്യമാണ്. അതോടൊപ്പം ടാപ്പിങ്ങിനു വേണ്ട അവശ്യവസ്തുക്കൾ സമീപപ്രദേശത്തൊന്നും ലഭ്യമായിരുന്നുമില്ല. ഗോൽപാറയിൽ നിന്നോ അഗിയയിൽ നിന്നോ ടാപ്പർമാരെ കൊണ്ടുവന്നു താമസസൗകര്യങ്ങൾ ഒരുക്കി ശമ്പളം നൽകുക എന്നത് സഹികയെന്ന സാധാരണക്കാരിക്ക് പ്രായോഗികമല്ലായിരുന്നു. തുടർന്ന് അവർ സമീപപ്രദേശത്ത് റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന എട്ടു ദിവസത്തെ ടാപ്പിങ് പരിശീലനക്ലാസ്സിൽ പങ്കെടുത്ത് ടാപ്പിങ് പരിശീലനത്തോടൊപ്പം ഷീറ്റുനിർമാണവും പഠിക്കുകയുണ്ടായി. പരിശീലനത്തിലൂടെ ലഭിച്ച അറിവും ആത്മവിശ്വാസവും സംയോജിപ്പിച്ച് സഹിക തന്റെ തോട്ടത്തിൽ ടാപ്പിങ് ആരംഭിച്ചു.

റബ്ബറിന്റെ നടീൽ മുതൽ ഉത്പന്നത്തിന് മികച്ച വിലയുറപ്പാക്കി വിൽക്കുന്നതുവരെ, നവാഗതയായ ഒരു സ്ത്രീയെന്ന നിലയിൽ അവർക്ക് പല പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടിവന്നു. എന്നാൽ റബ്ബർബോർഡിൽ നിന്നുള്ള നിരന്തരമായ നിർദേശങ്ങൾ സ്വീകരിക്കുകവഴി ഷീറ്റിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ സാധിച്ചു. ദീർഘകാലമായുള്ള സമ്പാദ്യം ഉപയോഗിച്ച് ഷീറ്റടിക്കാനായി ഒരു റോളർ മെഷീൻ വാങ്ങുകയും മുളയും ചാണകവും മണ്ണും ഉപയോഗിച്ച് ഒരു താൽക്കാലിക പുകപ്പുര സ്വയം നിർമിക്കുകയും ചെയ്തു. 2017-ൽ ടാപ്പിങ് ആരംഭിച്ച ഈ തോട്ടത്തിൽ 900 കിലോഗ്രാം വാർഷികോത്പാദ

സഹിക സ്വന്തം മരങ്ങൾ ടാപ്പുചെയ്യുന്നു

ഇൻറോഡ് പ്രോജക്ടിന്റെ ഭാഗമായി 2022-ൽ നട്ട തൈകൾ

നമുണ്ട്. പ്രാഥമികവിദ്യാഭ്യാസം മാത്രമുള്ള സഹികയ്ക്ക് റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്ന വിപണി വില മനസ്സിലാക്കാനുള്ള അറിവില്ലായിരുന്നുവെങ്കിലും ഒരു ബന്ധുവിന്റെ സഹായത്താൽ ഷീറ്റുറബ്ബറിന്റെ വില മനസ്സിലാക്കി പരമാവധി വില നേടിയെടുക്കാനും ശ്രമിച്ചു. കൂടുതലും ആർഎസ്എസ് 4 ഗ്രേഡ് ഷീറ്റുകളാണ് സഹിക ഉണ്ടാക്കിയിരുന്നത്. റബ്ബർവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏകദേശം ഒന്നര ലക്ഷം രൂപയുടെ വരുമാനം റബ്ബറിൽനിന്ന് നേടാൻ സഹികയ്ക്ക് കഴിഞ്ഞു.

ഈ ലാഭത്തിന്റെ ഒരു വിഹിതം ഉപയോഗിച്ച് തന്റെ പുകപ്പുര പുതുക്കി പണിയാൻ ഒരുങ്ങുകയാണ് സഹിക. റബ്ബർകൃഷിയിൽ നിന്ന് ലഭിച്ച നേട്ടങ്ങളും ആത്മവിശ്വാസവും കൊണ്ട് 2022-ൽ തന്റെ പേരിലുള്ള 0.41 ഹെക്ടർ സ്ഥലത്തും കൃഷി വികസിപ്പിക്കാൻ തീരുമാനിച്ചു. 2022-ൽ റബ്ബർബോർഡും ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷനും (ATMA) സംയുക്തമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കിവരുന്ന ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസ്സിസ്റ്റഡ് ഡെവലപ്മെന്റ് (INROAD) പ്രോജക്ടിന്റെ വരവോടുകൂടി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ റബ്ബർകൃഷി രംഗത്ത് വൻ വിപ്ലവമാണ് ഉണ്ടായത്. സഹികയും ഈ പദ്ധതിയുടെ കീഴിൽ 185 തൈകൾക്കായി അപേക്ഷ സമർപ്പിച്ചു. ഒരിക്കൽ ദൂരങ്ങൾ താണ്ടി വാങ്ങിയ തൈകൾ ഇന്ന് തന്റെ വീട്ടുമുറ്റത്ത് സൗജന്യമായി ലഭിച്ചതിൽ സന്തോഷവതിയാണ് അവർ.

റബ്ബർകൃഷിയിലെ സഹികയുടെ വിജയം അയൽഗ്രാമങ്ങളിലെ കർഷകരെ സമാനമാർഗങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചു. ഇത് പ്രദേശത്തെ റബറുത്പാദനത്തിൽ കൂട്ടായ വർദ്ധനയ്ക്ക് വഴിയൊരുക്കുകയും ചെയ്തു. ഇന്ന് അവർ മറ്റു വനിതാകർഷകർക്കും ചെറുപ്പക്കാർക്കും സുസ്ഥിരമായ റബ്ബർകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്ന ഒരു മാർഗദർശിയായി പ്രവർത്തിക്കുന്നു. പ്രതിസന്ധികളിൽനിന്ന് വിജയത്തിലേക്കുള്ള അവരുടെ യാത്ര പ്രചോദനാർഹമാണ്. കഠിനാധ്വാനം, സ്ഥിരോത്സാഹം, നൂതന സമ്പ്രദായങ്ങൾ ഉൾപ്പെടുത്തിയുള്ള കൃഷിരീതി എന്നിവയിലൂടെ അവർ തന്റെ ലക്ഷ്യങ്ങൾ നേടുക മാത്രമല്ല മറ്റ് വനിതാകർഷകർക്ക് പിന്തുടരാവുന്ന പാത കൂടി സൃഷ്ടിക്കുകയാണ്. നിശ്ചയദാർഢ്യവും വ്യക്തമായ മാർഗദർശനവുമുണ്ടെങ്കിൽ, ഏതു തടസ്സവും അതിജീവിക്കാൻ സാധിക്കുമെന്ന ശക്തമായ ഓർമപ്പെടുത്തൽ കൂടിയാണ് സഹികയുടെ ഈ വിജയകഥ. അന്താരാഷ്ട്ര വനിതാ കർഷക വർഷാചരണത്തിന് തയ്യാറെടുക്കുന്ന വേളയിൽ സഹികയുടെ റബ്ബർകൃഷിയിലെ ഇടപെടലുകൾ മറ്റുള്ളവരിൽ കൂടുതൽ അവബോധം വളർത്തുന്നതിനും സുസ്ഥിരമായ കൃഷിസംവിധാനങ്ങൾ കൈവരിക്കാൻ സ്ത്രീകൾക്ക് ഉത്തേജനം പകരാനും സഹായിക്കും എന്നുറപ്പാണ്. •

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗശുപാർശകൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. അമ്പിളി കെ.കെ., 'ഇടവേള കൂടിയ ടാപ്പിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ റെജു എം.ജെ., 'വിവിധ റബ്ബർകൃഷിവികസനപദ്ധതികൾക്ക് അപേക്ഷിക്കേണ്ട വിധം' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ, 'റബ്ബർപാൽ സംഭരണവും ഗുണമേന്മയുള്ള ഷീറ്റുനിർമാണവും' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ ബിജു എം.എൻ. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

മണ്ണും ഇലയും പരിശോധിച്ചുള്ള വളപ്രയോഗ ശുപാർശകൾ

1. ***മണ്ണും ഇലയും പരിശോധിച്ചശേഷം വളംചെയ്യുന്നതു കൊണ്ടുള്ള മെച്ചം എന്താണ്?***
   മണ്ണും ഇലയും പരിശോധിക്കുമ്പോൾ ആ തോട്ടത്തിലെ മണ്ണിന്റെയും ചെടികളുടെയും പോഷകസ്ഥിതി അറിയാൻ കഴിയുന്നതിനാൽ തോട്ടത്തിലേക്ക് ആവശ്യമായ അളവിൽ മാത്രം വളം ചേർക്കാൻ സാധിക്കുന്നു. ഇതു കൂടാതെ മണ്ണിൽ പോഷകമൂലകങ്ങളുടെ ശരിയായ അളവ് നിലനിർത്തുന്നതിനും വളത്തിന് വേണ്ടിവരുന്ന ചെലവ് കുറയ്ക്കുന്നതിനും സാധിക്കുന്നു. ഈ രീതിക്ക് വിവേചനാപൂർവ്വകമായ വളപ്രയോഗശുപാർശ (Discriminatory Fertilizer Recommendation) എന്നു പറയുന്നു.
2. ***വളപ്രയോഗശുപാർശയിൽ ഇലപരിശോധനയുടെ ആവശ്യകത എന്താണെന്ന് വിശദീകരിക്കാമോ?***
   ഇലപരിശോധനയിലൂടെ ഒരു ചെടിയിൽ എത്രമാത്രം അളവിൽ പോഷകമൂലകങ്ങൾ ഉണ്ടെന്ന് അറിയാൻ കഴിയും. പോഷകമൂലകങ്ങൾ കുറവോ കൂടുതലോ എന്നതിനനുസരിച്ച് ചേർക്കേണ്ട വളത്തിന്റെ അളവ് ക്രമീകരിക്കാനും സാധിക്കുന്നു.
3. ***എത്ര വർഷം കൂടുമ്പോഴാണ് റബ്ബർതോട്ടത്തിലെ മണ്ണും ഇലയും പരിശോധിക്കേണ്ടത്?***
   റബ്ബർതോട്ടത്തിലെ മണ്ണ് മൂന്നു വർഷം കൂടുമ്പോൾ പരിശോധിച്ചാൽ മതി. ഒരിക്കൽ മണ്ണ് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന വളപ്രയോഗ ശുപാർശകൾ മൂന്ന് വർഷത്തേക്ക് ഉപയോഗിക്കാം. ഇലപരിശോധന എല്ലാ വർഷവും ചെയ്യാവുന്നതാണ്.
4. ***ഇലകളുടെ സാമ്പിൾ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
   ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളാണ് പരിശോധനക്കായി ഇലകൾ ശേഖരിക്കാൻ പറ്റിയ സമയം. പട്ടമരപ്പ്, വേരുരോഗം മുതലായവ ബാധിച്ച മരങ്ങൾ സാമ്പിൾ ശേഖരണത്തിനായി തെരഞ്ഞെടുക്കരുത്. കേടായതോ ഉണങ്ങിയതോ പൊടിപിടിച്ചിരിക്കുന്നതോ ആയ ഇലകളും ഒഴിവാക്കേണ്ടതാണ്. നല്ല മഴയുള്ള സമയവും ഇലകൾ ശേഖരിക്കുന്നതിന് യോജിച്ചതല്ല. ഇലയുടെ സാമ്പിളുകൾ ശേഖരിക്കുന്ന ദിവസം തന്നെ പരീക്ഷണശാലയിൽ എത്തിക്കേണ്ടതാണ്. ശേഖരിക്കുന്ന അന്നുതന്നെ എത്തിക്കാൻ പറ്റുന്നില്ലെങ്കിൽ റഫ്രിജറേറ്ററിൽ സൂക്ഷിച്ച ശേഷമോ കോട്ടൺ വസ്ത്രം ഇസ്തിരിയിടുന്ന ചൂടിൽ ഇസ്തിരിപ്പെട്ടി ഉപയോഗിച്ച് ഉണക്കിയെടുത്ത ശേഷമോ പരീക്ഷണശാലയിൽ എത്തിക്കാവുന്നതാണ്.
5. ***പരിശോധനയ്ക്കായി മണ്ണ് ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
   റബ്ബർതോട്ടങ്ങളിൽ രണ്ടാമത്തെ ഗഡു വളം ചേർക്കേണ്ടത് സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലായതിനാൽ അതിനു മുമ്പായി മണ്ണുസാമ്പിളുകൾ ശേഖരിക്കേണ്ടതാണ്. അല്ലെങ്കിൽ വളപ്രയോഗം നടത്തി രണ്ടുമാസമെങ്കിലും കഴിഞ്ഞുമാത്രമേ മണ്ണുസാമ്പിളുകൾ ശേഖരിക്കാവൂ. കഴിയുന്നതും വളമിടുന്നതിന് മുൻപുതന്നെ സാമ്പിളുകൾ ശേഖരിക്കുന്നതാണ് നല്ലത്. കന്നുകാലിത്തൊഴുത്ത്, കമ്പോസ്റ്റുകുഴി, വീട് എന്നിവയുടെ സമീപത്തുനിന്ന് സാമ്പിളുകൾ ശേഖരിക്കരുത്. അതുപോലെ ശക്തമായ മഴയുള്ള സമയവും സാമ്പിൾ ശേഖരണത്തിന് യോജിച്ചതല്ല. മേൽമണ്ണിൽ നിന്നും അടിമണ്ണിൽ നിന്നും പ്രത്യേകം സാമ്പിളുകൾ

ഡോ. അമ്പിളി കെ.കെ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

ശേഖരിക്കുകയും അവ കൂട്ടിക്കലർത്താതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. മേൽമണ്ണ്, അടിമണ്ണ് ഇവ പ്രത്യേകം അടയാളപ്പെടുത്തിയിരിക്കണം. തോട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഫോമും സാമ്പിളിനോടൊപ്പം അയച്ചു നൽകേണ്ടതാണ്.

6. ***മേൽമണ്ണ്, അടിമണ്ണ് എന്നിവ എങ്ങനെ തിരിച്ചറിയാം ?***
റബ്ബർതോട്ടത്തിലെ ഏറ്റവും മുകളിലുള്ള മുപ്പത് സെന്റിമീറ്റർ താഴ്ചയിലുള്ള മണ്ണിനെ മേൽമണ്ണ് എന്നു പറയുന്നു. മുപ്പത് മുതൽ 60 വരെ സെന്റിമീറ്റർ താഴ്ചയിലുള്ള മണ്ണാണ് അടിമണ്ണ്. ഇവ തമ്മിൽ കൂട്ടിക്കലർത്താതെ വെവ്വേറെ സാമ്പിളുകൾ ആയി ശേഖരിക്കണം.

7. ***മണ്ണും ഇലയും പരിശോധിച്ച് വളപ്രയോഗശുപാർശകൾ ലഭിക്കുന്നതിന് എവിടെയൊക്കെയാണ് സൗകര്യമുള്ളത്?***
കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽ മണ്ണും ഇലയും പരിശോധിച്ച് വളപ്രയോഗശുപാർശകൾ നൽകുന്നതിനുള്ള സൗകര്യമുണ്ട്. മണ്ണിന്റെയും ഇലകളുടെയും സാമ്പിളുകൾ പരിശോധനാശാലയിൽ നേരിട്ട് എത്തിക്കുകയോ അയച്ചുനൽകുകയോ ചെയ്യാവുന്നതാണ്. സാമ്പിളുകൾ പോസ്റ്റ് ഓഫീസ് വഴിയോ കൊറിയർ സർവീസ് വഴിയോ പാഴ്സലായി റബ്ബർഗവേഷണകേന്ദ്രത്തിലേക്ക് അയയ്ക്കാവുന്നതാണ്. ഇതിന്റെ പരിശോധനാഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്.
സാമ്പിളുകൾ അയയ്ക്കേണ്ട വിലാസം:
സീനിയർ സയന്റിസ്റ്റ് (അഗ്രോണമി/സോയിൽസ്), അഗ്രോണമി/ സോയിൽസ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, പുതുപ്പള്ളി, റബ്ബർബോർഡ് പി.ഒ., കോട്ടയം 686009.
പരിശോധനാഫീസ് ഓൺലൈനായി അടയ്ക്കാൻ ആവശ്യമായ വിവരങ്ങൾ:
അക്കൗണ്ട് ഉടമയുടെ പേര്: റബ്ബർ ബോർഡ് ജനറൽ ഫണ്ട് അക്കൗണ്ട് (Rubber Board General Fund Account)
അക്കൗണ്ട് നമ്പർ 1559500056
ബാങ്കിന്റെ പേര് - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കീഴുകുന്ന് ശാഖ, കോട്ടയം-686002 ഐ.എഫ്.എസ്.സി. - സിബിഐഎൻ 0284150
പരിശോധനാഫീസ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള ഫോൺ നമ്പർ: 0481-2353311 (എക്സ്റ്റൻഷൻ -321).

ഇടവേള കൂടിയ ടാപ്പിങ്

1. ***ഇടവേള കൂടിയ ടാപ്പിങ് എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?***
അടുത്തടുത്ത രണ്ടു ടാപ്പിങ്ങുകൾ തമ്മിലുള്ള അന്തരം രണ്ടു ദിവസമോ അതിൽ കൂടുതലോ ഉള്ള ടാപ്പിങ് രീതികളെയാണ് ഇടവേള കൂടിയ ടാപ്പിങ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ്, നാലു ദിവസത്തിലൊരിക്കൽ ടാപ്പിങ്, ആറു ദിവസത്തിലൊരിക്കൽ ടാപ്പിങ് എന്നിവയെല്ലാം ഇടവേള കൂടിയ ടാപ്പിങ് രീതികളാണ്.

2. ***ഇടവേളകൂടിയ ടാപ്പിങ് രീതികൾ അനുവർത്തിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്?***
ഇടവേളകൂടിയ ടാപ്പിങ് രീതികൾ അനുവർത്തിക്കുന്നതുമൂലം റബ്ബറിന്റെ ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനും മരങ്ങളുടെ ഉത്പാദനകാലം ദീർഘിപ്പിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും സാധിക്കും. മറ്റു ജോലികളുള്ള റബ്ബർകർഷകർക്ക് ആഴ്ചയിലൊരിക്കൽ ടാപ്പിങ് പോലുള്ള ഇടവേള കൂടിയ ടാപ്പിങ് രീതികൾ അനുവർത്തിച്ചാൽ മരങ്ങൾ സ്വയം ടാപ്പുചെയ്യാൻ കഴിയും. ഇടവേള കൂടിയ ടാപ്പിങ് നടത്തുന്ന തോട്ടങ്ങളിൽ പട്ടമരപ്പ് പൊതുവെ കുറവായിട്ടാണ് കാണുന്നത്.

3. ***പുതുതായി മാർക്കുചെയ്യുന്ന മരങ്ങളിൽ ആഴ്ചയിലൊരിക്കൽ എന്ന രീതിയിൽ ടാപ്പിങ് നടത്താൻ കഴിയുമോ?***
പുതുതായി മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങുമ്പോൾ ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങൾക്ക് ആഴ്ചയിലൊരിക്കൽ എന്ന രീതി അവലംബിക്കാവുന്നതാണ്. ഈ രീതിയിൽ ടാപ്പുചെയ്യുമ്പോൾ ഒരു വർഷം ലഭിക്കുന്ന ടാപ്പിങ്ദിനങ്ങൾ 52 ദിവസം മാത്രമായതിനാൽ ഒരു ടാപ്പിങ്ദിനം പോലും വിളവെടുപ്പ് മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. അതിനാൽ നിർബന്ധമായും മരങ്ങൾ റെയിൻഗാർഡ് ചെയ്യുകയും ശുപാർശപ്രകാരമുള്ള ഉത്തേജകൗഷധം പ്രയോഗിക്കുകയും വേണം. മഴക്കാലത്ത് പട്ടചീയൽ പോലുള്ള കുമിൾരോഗങ്ങൾ വരാതിരിക്കാൻ വെട്ടുപട്ട കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. ഓരോ ടാപ്പിങ്ങിലും അരിയുന്ന പട്ടയുടെ കനം രണ്ടര മില്ലീമീറ്റർ ആയി നിലനിർത്താനും ശ്രദ്ധിക്കണം.

4. ***ഇടവേള കൂട്ടി ടാപ്പിങ് നടത്തുമ്പോൾ ഉത്തേജകൗഷധം പ്രയോഗിക്കേണ്ടത് എങ്ങനെയാണ്?***
മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ വർഷത്തിൽ മൂന്ന് പ്രാവശ്യവും (ഏപ്രിൽ/മെയ്, സെപ്റ്റംബർ, നവംബർ എന്നീ മാസങ്ങളിൽ) നാല് ദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുന്നവയിൽ വർഷത്തിൽ 6 പ്രാവശ്യവും (ഏപ്രിൽ /മെയ്, ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ) ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തുന്ന മരങ്ങളിൽ എല്ലാ മാസവും ഉത്തേജകൗഷധപ്രയോഗം (രണ്ടര ശതമാനംവീര്യമുള്ള എത്തഫോൺ) നടത്താം.

5. ***ഉത്തേജകൗഷധം പ്രയോഗിച്ച് ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുമോ?***
റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്ന വീര്യത്തിലും ഇടവേളകളിലും ഉത്തേജകൗഷധം പുരട്ടി ടാപ്പുചെയ്യുന്നത് മരത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയില്ല. എത്തഫോൺ ജലത്തിന്റെ സാന്നിധ്യ

റെജു എം.ജെ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

കെ. ചന്ദ്രലേഖ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

ത്തിൽ വിഘടിക്കപ്പെടുമ്പോൾ എത്തിലിൻ എന്ന വാതകവും മറ്റു ചില നിരുപദ്രകരമായ വസ്തുക്കളും മാത്രമാണ് ഉണ്ടാകുന്നത്. അതിനാൽ എത്തഫോൺ പ്രയോഗം ദോഷകരമാകുന്നില്ല.

വിവിധ റബ്ബർകൃഷിവികസനപദ്ധതികൾക്ക് അപേക്ഷിക്കേണ്ട വിധം

1. ***റബ്ബർകൃഷി ചെയ്യുന്നതിനുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണ് ?***
ഓൺലൈൻ ആയിട്ടാണ് അപേക്ഷകൾ സമർപിക്കേണ്ടത്. റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.rubberboard.gov.in) പ്രവേശിച്ച് പ്രധാന മെനുവിലെ ആറാമത്തെ ഓപ്ഷൻ ആയ 'E-SERVICES'ൽ നിന്നും 'SERVICEPLUS' എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. ഓരോ സ്കീമിന്റെ വിശദാംശങ്ങളും അപ്‌ലോഡ് ചെയ്യേണ്ട അനക്സറിന്റെ പകർപ്പും വെബ്സൈറ്റിൽ ലഭ്യമാണ്. സർവീസ് പ്ലസിൽ മെയിൽ ഐ.ഡി. -യും പാസ്‌വേർഡും ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. വീണ്ടും ലോഗിൻ ചെയ്ത് ലഭ്യമായ സേവനങ്ങളിൽ നിന്നും Rubber Plantation Development Traditional Region 2025-26 തെരഞ്ഞെടുത്ത് അപേക്ഷാഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സ്കാൻ ചെയ്ത് 2025 ഒക്ടോബർ 31-ാം തീയതിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം.

2. ***ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ നൽകേണ്ട രേഖകൾ എന്തെല്ലാമാണ്?***
ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള പ്രവർത്തനനിരതമായ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക്, ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ്, തോട്ടത്തിന്റെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയതും സ്ഥലത്തിന്റെ കിടപ്പ് നന്നായി മനസ്സിലാകുന്ന രീതിയിലുള്ളതുമായ സ്കെച്ച്, തൈകൾ വാങ്ങിയപ്പോൾ ലഭിച്ച ബില്ല് എന്നീ രേഖകളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. കൂടാതെ കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ ഉടമകളിൽ ഒരാളെ ധനസഹായം വാങ്ങാൻ ചുമതലപ്പെടുത്തുന്ന 'നോമിനി ഫോം' (അനെക്സർ 1) ശരിയായ രീതിയിൽ പൂരിപ്പിച്ചത്, മുക്ത്യാർ ഉള്ള സ്ഥലമാണെങ്കിൽ അനെക്സർ 2-ൽ കൊടുത്തിട്ടുള്ള 'ഡിക്ലറേഷൻ ഫോം' ശരിയായി പൂരിപ്പിച്ചത് എന്നിവ അപ്‌ലോഡ് ചെയ്യണം. മൊബൈൽ നമ്പർ ആധാറുമായി ബന്ധിപ്പിച്ചിരിക്കണം. ഓൺലൈൻ ആയി അപേക്ഷിക്കുന്ന സമയത്ത് ഒ.റ്റി.പി. ലഭിക്കുന്നതിനായി ആധാറുമായി ബന്ധിപ്പിച്ച ഫോൺ നമ്പർ ഉള്ള ഫോൺ കൈയിൽ കരുതേണ്ടതാണ്.

3. ***ജോയിന്റ് അക്കൗണ്ടിൽ റബ്ബർകൃഷി ധനസഹായം ലഭിക്കുമോ?***
സ്ഥലം ഉടമയുടെ ആധാറുമായി ബന്ധിപ്പിച്ച അക്കൗണ്ടിൽ മാത്രമേ റബ്ബർകൃഷിക്കുള്ള ധനസഹായം ലഭിക്കുകയുള്ളൂ. എൻ.ആർ.ഐ., എൻ.ആർ.ഒ. അക്കൗണ്ടുകൾ വഴി റബ്ബർകൃഷി ധനസഹായത്തിനായുള്ള പണമിടപാടുകൾ സാധ്യമല്ല. ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ പേരും പാസ്ബുക്കിലേതുപോലെ തന്നെ ശരിയായി രേഖപ്പെടുത്തേണ്ടതാണ്.

4. ***റെയിൻഗാർഡിങ് സബ്സിഡിക്ക് അപേക്ഷിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?***
റബ്ബറുത്പാദകസംഘങ്ങൾ വഴിയാണ് റെയിൻഗാർഡു ചെയ്തതിനുള്ള ധനസഹായത്തിന് അപേക്ഷിക്കേണ്ടത്. സർവീസ് പ്ലസ് -ലുള്ള Assistance for Rainguarding എന്ന ഓപ്ഷൻ തെരഞ്ഞെടുത്താണ് അപേക്ഷിക്കേണ്ടത്. ഉത്പാദകസംഘത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക് വിവരങ്ങൾ, റെയിൻഗാർഡിങ്ങിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങിയതിന്റെ ജി.എസ്.റ്റി. ബിൽ, ധനസഹായം ലഭിക്കേണ്ട കർഷകരുടെ വിശദവിവരങ്ങൾ, അനക്സർ ഒന്ന്, രണ്ട്, മൂന്ന് എന്നിവയും സമർപിക്കേണ്ടതാണ്. ഹെക്ടർ പ്രതി പരമാവധി 4000 രൂപയാണ് ധനസഹായം ലഭിക്കുന്നത്. ഒരു കർഷകന് പരമാവധി രണ്ട് ഹെക്ടർ തോട്ടത്തിനാണ് ധനസഹായത്തിന് അർഹതയുള്ളത്. 2025 ഒക്ടോബർ 15-ാം തീയതിക്കകം അപേക്ഷകൾ സമർപിക്കേണ്ടതാണ്.

5. ***ഷീറ്റടിക്കാൻ റബ്ബർറോളർ വാങ്ങാൻ കർഷകർക്ക് ധനസഹായം ലഭിക്കുമോ?***
ഷീറ്റടിക്കാൻ റോളർ വാങ്ങാനായി പട്ടികജാതി വിഭാഗത്തിൽ ഉൾപെടുന്ന റബ്ബർകർഷകർക്ക് പരമാവധി 40,000 വരെ രൂപ ധനസഹായം ലഭിക്കും.

GOLDEN TOUCH®

FORMIC ACID

GOLDEN TOUCH®

RUBBER SHEET FUNGICIDE (PNP)

GOLDEN TOUCH®

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

GOLDEN TOUCH® – **ALUMINIUM DISH**

GOLDEN TOUCH® – **FORMIC ACID 85%**

Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..

N.B.: Available at : Rubber Board Companies & Rubber Marketing Societies

Manufactured & Marketed by

GTC®

Since 1991

Geo Thomas & Co.

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

റോളറിന്റെ വിലയുടെ 80 ശതമാനമോ നാൽപതിനായിരം രൂപയോ ഇവയിൽ ഏതാണോ കുറവ് ആ തുകയാണ് ലഭിക്കുക. 2025 ഒക്ടോബർ 31-ാം തീയതിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം.

റബ്ബർപാൽ സംഭരണവും ഗുണമേന്മയുള്ള ഷീറ്റുനിർമാണവും

1. ***റബ്ബർപാൽ നേർപ്പിക്കുന്നതിനുള്ള വെള്ളത്തിന്റെ അളവ് എങ്ങനെയാണ് നിശ്ചയിക്കുന്നത്?***
റബ്ബർപാൽ നേർപ്പിക്കാനാവശ്യമായ വെള്ളത്തിന്റെ അളവ് നിശ്ചയിക്കുന്നതിനായി ആദ്യം റബ്ബർപാലിൽ അടങ്ങിയിട്ടുള്ള ഉണക്കറബ്ബറിന്റെ അളവ് (ഡി.ആർ.സി.) കണ്ടുപിടിക്കണം. ഷീറ്റുനിർമാണത്തിന് റബ്ബർപാലിന്റെ ഏകദേശ ഡി.ആർ.സി. കണ്ടുപിടിച്ചാൽ മതിയാകുമെന്നതിനാൽ അതിനായി 'മെട്രോലാക്' എന്ന ഉപകരണം ഉപയോഗിക്കുന്നതാണ് കൂടുതൽ സൗകര്യപ്രദം. റബ്ബർപാലിന്റെ ഡി.ആർ.സി. 12.5 ശതമാനം ആക്കാൻ ആവശ്യമായ തോതിലാണ് വെള്ളം ചേർക്കേണ്ടത്. ആവശ്യത്തിന് വെള്ളം ചേർത്ത് നേർപ്പിച്ച പാൽ ഉപയോഗിച്ചു നിർമിക്കുന്ന പാൽകട്ടിക്ക് മാർദവമുള്ളതിനാൽ അത് റോളറുകളിൽ കൂടി കടത്തിവിട്ട് കനം കുറഞ്ഞ ഷീറ്റാക്കുന്നതിന് എളുപ്പമാണ്. മാത്രമല്ല, അരിപ്പയിൽ കൂടി അരിച്ചുമാറ്റാൻ പറ്റാത്ത മൺതരികളും മറ്റു മാലിന്യങ്ങളും നേർപ്പിച്ച പാലിന്റെ അടിയിൽ അടിഞ്ഞുകൂടുകയും ചെയ്യും. റബ്ബർപാലിലുള്ള റബ്ബറിതരവസ്തുക്കൾ റബ്ബർപാൽ നേർപ്പിക്കുമ്പോൾ വെള്ളത്തിൽ ലയിച്ചു ചേർന്ന് ഷീറ്റടിക്കുന്ന സമയത്ത് പുറത്തുപോകുകയും തൻമൂലം ഷീറ്റിന്റെ ഗുണമേന്മ വർദ്ധിക്കുകയും ചെയ്യും.
ഭൂരിപക്ഷം വരുന്ന ചെറുകിടകർഷകരെ സംബന്ധിച്ചിടത്തോളം ഡി.ആർ.സി. നിർണയവും മറ്റും അത്ര പ്രായോഗികമല്ലാത്തതിനാൽ, റബ്ബർപാലിന് കൊഴുപ്പു കൂടുതലുള്ളപ്പോൾ രണ്ടിരട്ടിയും സാമാന്യം കൊഴുപ്പുള്ളപ്പോൾ ഒന്നര ഇരട്ടിയും കൊഴുപ്പു കുറവാണെങ്കിൽ തുല്യ അളവും വെള്ളം ചേർക്കാവുന്നതാണ്. നേർപ്പിക്കാൻ ഉപയോഗിക്കുന്ന വെള്ളം അരിപ്പയിലൂടെ അരിച്ചുവേണം റബ്ബർപാലിൽ ചേർക്കാൻ.

2. ***ഷീറ്റുകളിൽ കുമിളകൾ രൂപപ്പെടുന്നത് എന്തുകൊണ്ട്?***
ഷീറ്റുകളിൽ കുമിളകൾ രൂപപ്പെടുന്നത് റബ്ബർപാലിൽ ബാക്ടീരിയകളുടെ പ്രവർത്തനം മൂലം വാതകങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണ്. ഷീറ്റുനിർമാണത്തിന് ഉപയോഗിക്കുന്ന പാത്രങ്ങളും ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. ഷീറ്റ് ഉറകൂടുതിനാവശ്യമായിട്ടുള്ള ആസിഡിന്റെ അളവ് നിശ്ചയിച്ച് ആസിഡ് കൃത്യമായി ചേർത്ത് ഇളക്കി യോജിപ്പിച്ചുകഴിഞ്ഞാൽ കുമിളകൾ ഉണ്ടാകുന്നത് തടയാൻ സാധിക്കും. പുകപ്പുരയിലെ ഉയർന്ന താപനില മൂലവും പൊള്ളലുകളും കുമിളകളും ഉണ്ടാകാം. ശ്രദ്ധിച്ചാൽ ഇവ വേർതിരിച്ചറിയാൻ സാധിക്കും.

3. ***റബ്ബർപാൽ ശേഖരിച്ച വീപ്പകളിൽനിന്ന് സാമ്പിളെടുക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?***
(i) റബ്ബർപാൽ ശേഖരിച്ചു വെച്ചിരിക്കുന്ന വീപ്പകൾ ഉരുട്ടി റബ്ബർപാൽ നന്നായി യോജിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
(ii) വീപ്പകൾ നിവർത്തിവച്ചതിനു ശേഷം ആറ് മില്ലീമീറ്റർ (കാൽ ഇഞ്ച്) വ്യാസമുള്ളതും വൃത്തിയുള്ളതുമായ ഒരു അലുമിനിയം/ സ്റ്റീൽ/ പി.വി.സി. പൈപ്പ് ഉപയോഗിച്ച് ബാരലിൽനിന്ന് സാമ്പിൾ ശേഖരിക്കണം. പൈപ്പ് രണ്ടറ്റവും തുറന്ന രീതിയിൽ ബാരലിലേക്കിറക്കി ബാരലിന്റെ അടിഭാഗത്ത് മുട്ടിയതിനു ശേഷം പൈപ്പിന്റെ മുകളിലത്തെ അഗ്രഭാഗം ഒരു വിരൽ കൊണ്ട് അടച്ചുപിടിച്ചു മുകളിലേക്കുയർത്തി സാമ്പിൾ എടുക്കാം.
(iii) എല്ലാ ബാരലുകളിൽ നിന്നും എടുത്ത റബ്ബർപാൽ ഒരു പാത്രത്തിലേക്ക് ഒഴിച്ച് നന്നായി യോജിപ്പിച്ച ശേഷം വേണം സാമ്പിളെടുക്കാൻ. സാമ്പിൾ ശേഖരിക്കുന്ന പാത്രങ്ങളും കുപ്പികളും വൃത്തിയാക്കിയതിനുശേഷം ഉള്ളിൽ റബ്ബർപാൽ ഒഴിച്ച് കഴുകി എടുക്കേണ്ടതാണ്
(iv) പാത്രത്തിൽ ശേഖരിച്ച സാമ്പിൾ നന്നായി യോജിപ്പിച്ചതിനുശേഷം റബ്ബർപാൽ ഒഴിച്ച് കഴുകി എടുത്ത് മൂന്നു കുപ്പികളിലേക്ക് 100 മില്ലീലിറ്റർ വീതം നിറയ്ക്കുക. സാമ്പിൾബോട്ടിലിന്റെ കഴുത്തറ്റം വരെ റബ്ബർപാൽ നിറയ്ക്കേണ്ടതാണ്.
(v) സാമ്പിൾ ശേഖരിച്ച് ലേബൽ ഒട്ടിച്ച് സീൽ ചെയ്യുക. ഒരു സാമ്പിൾ ലാറ്റക്സ് വിൽക്കുന്ന ആളിനും മറ്റൊരു സാമ്പിൾ റബ്ബർപാൽ വാങ്ങുന്ന ആളിനും ഡി.ആർ.സി. നിർണയത്തിനായി ഉപയോഗിക്കാവുന്നതാണ് മൂന്നാമത്തെ സാമ്പിൾ 'റഫറൻസ് സാമ്പിൾ' ആയി വയ്ക്കാവുന്നതും ഡി.ആർ.സി. നിർണയത്തിൽ പിന്നീടുണ്ടാകാവുന്ന തർക്കപരിഹാരത്തിനായി ഉപയോഗിക്കാവുന്നതുമാണ്.

ബിജു എം.എൻ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

4. ***റബ്ബർപാൽ വീപ്പയിൽ സംഭരിച്ച് വിപണനം നടത്തുമ്പോൾ രാസമിശ്രിതത്തിന്റെ തൂക്കം മൊത്തം തൂക്കത്തിൽനിന്നും കുറയ്ക്കേണ്ടതുണ്ടോ?***
വീപ്പയിൽ സംഭരിച്ച് വിപണനം നടത്തുന്ന റബ്ബർപാൽ കേടുവരാതിരിക്കാൻ ചേർക്കുന്ന രാസമിശ്രിതത്തിന്റെ തൂക്കം മൊത്തം തൂക്കത്തിൽനിന്നും കുറയ്ക്കേണ്ടതില്ല. രാസമിശ്രിതം കൂടി ചേർന്ന റബ്ബർപാലിൽ നിന്നാണല്ലോ സാമ്പിൾ ശേഖരിക്കുന്നത്. റബ്ബർപാൽ സംഭരണത്തിന് ഉപയോഗിക്കുന്ന വീപ്പയുടെ തൂക്കം അതിന്റെ മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. ആ തൂക്കം മാത്രമേ വിപണനം നടത്തുമ്പോൾ കുറയ്ക്കേണ്ടതുള്ളൂ.

തയ്യാറാക്കിയത്:

സ്ലീബ വി. പോൾ
ഫാം ഓഫീസർ

Guard Against the Monsoon!
Secure Your Latex Tapping Channels with

ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON

OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF — Member of Multilateral Recognition Arrangement

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

Best & Highest Quality Rubber Tapping Equipments & Materials

ANNA INDUSTRIES™ SINCE 1991

Anna Industries

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatradersklcy@gmail.com
www.annabusiness.com

Toll Free : 1800 1230 366

നവംബർ മാസത്തെ
കൃഷിപ്പണികൾ

മഴയും വെയിലും ഇടകലർന്ന കാലാവസ്ഥയിൽ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാകും. അവ നീക്കംചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽകാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.

നഴ്സറികളിലെ തൈകൾക്ക് ഇതുവരെ വളം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ വളം ചെയ്യാം. കൃഷിയുള്ള ഒരു ഹെക്ടർ സ്ഥലത്തിന് 1255 കി. ഗ്രാം എന്ന തോതിൽ 10-10-4-1.5 എന്ന അനുപാതത്തിലുള്ള എൻ.പി.കെ.എംജി. കൂട്ടുവളത്തിൽ 118 കിലോഗ്രാം മഗ്നീഷ്യം സൾഫേറ്റ് ചേർത്ത് ഇട്ടുകൊടുക്കണം. തൈനിരകൾക്കിടയിൽ വളം വിതറി, കൈപ്പല്ലികൊണ്ട് മണ്ണുമായി ഇളക്കി യോജിപ്പിച്ചാൽ മതി. ഉണങ്ങിയ ഇലകൾകൊണ്ട് ചവറുവെയ്ക്കണം. ചവറു വെയ്ക്കുന്നതുകൊണ്ട് തൈകളുടെ ചുവടുഭാഗം ചൂടേറ്റ് കരിയാതിരിക്കും. മാത്രമല്ല, കളകളുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യാം. ആവശ്യമെന്നു കണ്ടാൽ നഴ്സറിയിലെ തൈകൾ നനയ്ക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. തടങ്ങൾ നല്ലതുപോലെ നനഞ്ഞുകുതിരുന്ന തരത്തിൽ വെള്ളമൊഴിക്കുകയാണെങ്കിൽ ആഴ്ചയിൽ ഒരു തവണ നനച്ചാൽ മതി. വിസ്തൃതി കൂടിയ നഴ്സറികളിൽ ഓരോ ദിവസം ഓരോ ഭാഗം വീതം നനയ്ക്കുന്നത് സൗകര്യപ്രദമായിരിക്കും.

ഒട്ടുകമ്പുനഴ്സറിയിലെ ചെടികളിൽ ശാഖകൾ ഉണ്ടാകാൻ അനുവദിക്കരുത്. ചെറുതൈകൾക്കിടയിലെ കളകൾ നീക്കം ചെയ്യേണ്ടതാണ്. നീക്കം ചെയ്യുന്ന കളകൾ നടീൽ നിരകൾക്കിടയിൽ ശേഖരിക്കാം. അവ ഉണങ്ങിയശേഷം ചവറുവെയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്.

പുതയിടൽ

കൃഷിയിടത്തിലെ ചെറുതൈകളുടെ ചുവട്ടിൽ ചവറുവെയ്ച്ചുകൊടുക്കേണ്ടതാണ്. മണ്ണിലെ ഈർപ്പവും പോഷകമൂലകങ്ങളും നിലനിർത്തുന്നതിനും മണ്ണിൽ മഴവെള്ളം നേരിട്ട് കുത്തിവീഴാതിരിക്കുന്നതിനും ചെറുതൈകളുടെ ചുവടുഭാഗം വെയിലേറ്റ് ഉണങ്ങാതിരിക്കുന്നതിനും ഇത് സഹായിക്കും. ഉണങ്ങിയ ഇലകൾ, പുല്ല്, ആഫ്രിക്കൻ പായൽ മുതലായവ ചവറുവെയ്ക്കാൻ ഉപയോഗിക്കാം. തൈകളുടെ കടയ്ക്കൽ നിന്ന് അഞ്ചു മുതൽ ഏഴു വരെ സെ. മീ. അകലം വിട്ട് ചവറു വെയ്ക്കണം. തൈത്തണ്ടിന് കേടുപറ്റാതിരിക്കാനാണിത്.

തോട്ടപ്പയർ

കൃഷിയിടത്തിൽ ഈ വർഷം നട്ടുപിടിപ്പിച്ചതും ഇതുവരെ വളംചെയ്യാത്തുമായ തോട്ടപ്പയറിന് ഇപ്പോൾ വളംചെയ്യാവുന്നതാണ്. ഹെക്ടർ പ്രതി 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടുപ്രാവശ്യമായി ചേർത്തുകൊടുക്കണം. കളകൾ നീക്കം ചെയ്ത് തോട്ടപ്പയർ ശരിയായി പടരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ശ്രദ്ധിക്കണം. ചെറുതൈകളുടെ ചുവട്ടിൽ ഒരു മീറ്റർ വിസ്തൃതിയിൽ തോട്ടപ്പയർ വളരാൻ അനുവദിക്കരുത്. തൈകളിൽ പടർന്നുകയറുന്ന തോട്ടപ്പയർ അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.

മുളകളും ശിഖരങ്ങളും

ബഡ്ഡുതൈകളിൽ തായ്തടിയിൽ നിന്നു വളരുന്ന മുളകൾ മുറിച്ചുകളയണം. ചെറുതൈകൾക്ക് നിലനിരപ്പിൽ നിന്ന് രണ്ടരമീറ്റർ വരെ ഉയരത്തിൽ ശാഖകൾ വളരാൻ അനുവദിക്കരുത്. ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. പൊക്കത്തിലായതിനാൽ ഈ ഭാഗത്ത് ശിഖരങ്ങൾ നിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കും. ശിഖരങ്ങളും മുളകളും മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായ്ത്തടിയിൽ നിന്ന് കുറച്ചു വിട്ട് താഴെനിന്നു മുകളിലേക്ക് മുറിച്ചുകളയണം.

കാറ്റിനെ ചെറുക്കാൻ

ചെറുതൈകൾ കാറ്റിൽ വളഞ്ഞുപോകുകയും ഒടിയുകയും ചെയ്യുക സാധാരണമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ തൈകൾക്ക് താങ്ങുകൊടുക്കുകയോ അവ വലിച്ചുകെട്ടുകയോ ചെയ്യാം. കെട്ടുമ്പോൾ തൈയുടെ പുറന്തൊലിക്ക് കേടുവരാതിരിക്കാൻ ചകിരി, ചാക്ക് മുതലായ എന്തെങ്കിലും കൊണ്ട് പൊതിഞ്ഞ ശേഷമേ കെട്ടാവൂ. കെട്ടുകൾ അധികം മുറുകുകയുമരുത്.

കാറ്റുമൂലമോ മറ്റോ മരങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ ഭാഗം വൃത്തിയായി മുറിച്ച്

റബ്ബർസംസ്കരണ സാങ്കേതികവിദ്യയെക്കുറിച്ച് ശിൽപശാല സംഘടിപ്പിച്ചു

റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും (എൻ.ഐ.ആർ.റ്റി.) ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി റബ്ബർസംസ്കരണ സാങ്കേതികവിദ്യയെക്കുറിച്ച് ഒരു ഏകദിനശിൽപശാല – 'മോർഫോറ 2025'– സംഘടിപ്പിച്ചു. കോട്ടയത്തെ എൻ.ഐ.ആർ.റ്റി. –യിൽ വെച്ച് നടത്തിയ ഈ ശിൽപശാലയിൽ സംരംഭകർ, ഉത്പന്നനിർമാതാക്കൾ, വ്യവസായമേഖലയിലെ മറ്റു പങ്കാളികൾ എന്നിവരടക്കം നൂറിലധികം പേർ പങ്കെടുത്തു.

കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വി. ആർ. രാകേഷ് അധ്യക്ഷത വഹിച്ച ചടങ്ങ് അഡ്വ. ചാണ്ടി ഉമ്മൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ശിൽപശാലയിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. മുഖ്യപ്രഭാഷണം നടത്തി. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറും എൻ.ഐ.ആർ.റ്റി. ഡയറക്ടർ (ട്രെയിനിങ്) ഇൻ ചാർജുമായ ഡോ. സിജു. ടി ആശംസകൾ അർപിച്ചു.

റബ്ബർബോർഡ് മുൻ ജോയിന്റ് ഡയറക്ടർ ഡോ. സിബി വർഗീസ്, കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗ്ലൗസ് ജനറൽ മാനേജർ ജയിംസ് തോമസ്, എൻ.ഐ.ആർ.റ്റി. –യിലെ ടെക്നിക്കൽ അസിസ്റ്റന്റ് (ട്രെയിനിങ്) പ്രദീപ്കുമാർ പി. ജോയ് എന്നിവർ സാങ്കേതിക സെഷനുകൾക്ക് നേതൃത്വം നൽകി. റബ്ബർ സംസ്കരണ സാങ്കേതികവിദ്യയിലെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവുകൾ അവർ പങ്കുവെച്ചു. •

മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പന്നങ്ങളിൽ ഏതെങ്കിലും ഒന്ന് പുരട്ടേണ്ടതാണ്. ഇടവേള കൂടിയ ടാപ്പിങ് നടത്തുന്ന റബ്ബർമരങ്ങളിൽ എത്തഫോൺ എന്ന ഉത്തേജകൗഷധം ഈ മാസത്തിൽ പ്രയോഗിക്കാം.

തണൽ

പുതുതായി നട്ട തൈകൾക്ക് തണൽ കൊടുക്കേണ്ടതാണ്. മെടഞ്ഞ തെങ്ങോലയോ ചാക്കോ മുളയോ ഇതിനുപയോഗിക്കാം. കൂടകളാണ് ഉപയോഗിക്കുന്നതെങ്കിൽ അവ ആവശ്യത്തിന് വലിപ്പമുള്ളവയായിരിക്കണം.

കപ്പുതൈകൾ

അടുത്ത വർഷത്തേക്കാവശ്യമുള്ള കപ്പുതൈകൾ തയ്യാറാക്കുന്ന ജോലി ഇപ്പോൾ തന്നെ തുടങ്ങാം.

കപ്പുകളിൽ തന്നെ വിത്തിട്ട് തൈകൾ വളർത്തിയെടുത്ത് ബഡ്ഡു ചെയ്തെടുക്കുകയാണെങ്കിൽ തൈകൾക്ക് നല്ല വേരുപടലം ഉണ്ടാകും. കപ്പുകളിൽ വളർന്ന ആരോഗ്യമുള്ള തൈകൾ കൃഷി ചെയ്താൽ അവ ഒരു വർഷം നേരത്തേതന്നെ വിളവെടുപ്പിനുള്ള വണ്ണമെത്തും. ഒരേപോലെയും ഊർജ്ജസ്വലതയോടെയും വളരുന്ന തൈകൾ തിരഞ്ഞെടുത്ത് കൃഷിസ്ഥലത്ത് നടുന്നതിനും കുഴിക്കേട് പരമാവധി ഒഴിവാക്കുന്നതിനും ഈ രീതി സഹായകരമാണ്. തൈകളെല്ലാം ഒരേപോലെ വളർന്ന് ഒരേ സമയത്തുതന്നെ ടാപ്പുചെയ്യാനുള്ള വണ്ണമെത്തുമെന്നതാണ് മറ്റൊരു മെച്ചം. മരങ്ങൾ നേരത്തെ വിളവെടുപ്പിന് തയ്യാറാകുന്നതുമൂലം സംരക്ഷണച്ചെലവും ആനുപാതികമായി കുറയും. •

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
പരിശീലനപരിപാടികൾ

2025 നവംബർ മാസത്തെ പരിശീലനപരിപാടികൾ

1. **നഴ്സറി പരിപാലനം**
ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിലുള്ളവർക്കായി റബ്ബർനഴ്സറി പരിപാലനത്തിൽ ഏകദിന പരിശീലനം (ഓൺലൈൻ) നവംബർ 6-ന് നടക്കും. നഴ്സറിപരിപാലനത്തിൽ ശാസ്ത്രീയമായ അറിവു നൽകുക എന്നതാണ് ഈ പരിശീലനപരിപാടിയുടെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറിയുടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർകൃഷി (വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്ക്)**
വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്കായി റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം നവംബർ 10 മുതൽ 12 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **മികച്ച കാർഷികരീതികൾ (Good Agricultural Practices)**
മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം നവംബർ 17, 18

തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണം**

ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം നവംബർ 17 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൽക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 6000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർസംസ്കരണവും ഗുണമേന്മാനിയന്ത്രണവും**

റബ്ബർസംസ്കരണവും ഗുണമേന്മാനിയന്ത്രണവും സംബന്ധിച്ച പരിശീലനം നവംബർ 25 മുതൽ 27 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ സംഭരണവും സംസ്കരണവും, ഷീറ്റുറബ്ബർനിർമാണവും തരംതിരിക്കലും, ബ്ലോക്കുറബ്ബറിന്റെയും സെനക്സിന്റെയും പരിശോധന, മലിനീകരണ നിയന്ത്രണവും മലിനജല സംസ്കരണവും തുടങ്ങിയ വിഷയങ്ങൾ പരിശീലനത്തിൽ ഉൾപെടുന്നു. റബ്ബർതോട്ടമേഖല, പൊതുമേഖലാ സ്ഥാപനങ്ങൾ, റബ്ബർ സംസ്കരണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവർക്കും താൽപര്യമുള്ള മറ്റുള്ളവർക്കും പരിശീലനപരിപാടിയിൽ പങ്കെടുക്കാം. പരിശീലന ഫീസ് 4500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബർനടീൽ, പരിപാലനം**

റബ്ബറിന്റെ നടീൽരീതികൾ. പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം (ഓൺലൈൻ) നവംബർ 28 -ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353127 (വ്യവസായം), 9495928077 (കൃഷി), 9495928077 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.

171 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ

മുരളീധരൻ തഴക്കര

‘മസ്തിഷ്കജ്വരം’ മഹാമാരിയായി മാറാതിരിക്കാൻ

ഭൂമുഖത്ത് ജീവന്റെ ഉൽപത്തിക്ക് നിദാനമായതിനാലാണല്ലോ ജലം ജീവന്റെ ആധാരശിലയാണെന്ന് പറഞ്ഞുപോന്നത്. ജീവനും ജീവനവുമായ ജലം ഇവിടെ ജീവന്റെ ഉന്മൂലനത്തിനും ഹേതുവായി മാറുമോ? വർത്തമാനകാല മസ്തിഷ്കജ്വര വ്യാപനം ഇങ്ങനെയൊരു അശുഭചിന്ത ജനിപ്പിക്കുകയാണ്. പതിനായിരത്തിൽ ഒരാളെമാത്രം ബാധിക്കുന്ന ഈ രോഗം കേരളീയ സമൂഹത്തിന് കേവലം കേട്ടുകേൾവി മാത്രമായിരുന്നു. തലച്ചോറിന്റെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്ന ഈ രോഗം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നില്ല എന്നതാണ് ഏക ആശ്വാസം.

ജീവന്റെ ആധാരമായ വെള്ളത്തിലൂടെയാണ് അത്യന്തം അപകടകാരിയായ ഈ അമീബ മനുഷ്യന്റെ തലച്ചോറിലേക്ക് കടന്നുകൂടുന്നത്. വെള്ളത്തിൽ മുങ്ങിക്കുളിക്കുമ്പോഴും മുഖം കഴുകുമ്പോഴും നമ്മുടെ മൂക്കിനേയും മസ്തിഷ്കത്തെയും വേർതിരിക്കുന്ന നേർത്ത പാളിയിലുള്ള സുഷിരങ്ങളിലൂടെയോ കർണ്ണപടത്തിലുണ്ടാകുന്ന ചെറുസുഷിരങ്ങളിലൂടെയോ ആണ് തലച്ചോറിന് നാശം വിതയ്ക്കുന്ന ഈ അമീബ കടന്നുകയറുക. ചുരുക്കത്തിൽ വെള്ളമാണ് ദുരന്തമുഖം തുറക്കുന്നത്. അതുകൊണ്ടുതന്നെ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുങ്ങിക്കുളിക്കാതിരിക്കുക എന്നതാണ് മസ്തിഷ്കജ്വര ബാധയെ പ്രതിരോധിക്കാൻ പ്രധാനമായും വേണ്ടത്. ഈ രോഗബാധ ഉണ്ടായവരിൽ ഏറെയും കുട്ടികളും ചെറുപ്പക്കാരുമാണ്. വെള്ളത്തിലേക്ക് ഡൈവ് ചെയ്യുക, നീന്തുക, ഏറെനേരം മുങ്ങാംകുഴിയിട്ട് കിടക്കുക തുടങ്ങിയവയൊക്കെ കുട്ടികൾക്കും യുവാക്കൾക്കും ഹരമാണ്. പക്ഷേ നാം നിത്യേന ഉപയോഗിക്കുന്ന കിണർവെള്ളവും രോഗബാധയ്ക്ക് വഴിയൊരുക്കുമെന്ന റിപ്പോർട്ടാണ് ഏറെ ആശങ്കാജനകമായിട്ടുള്ളത്. കാരണം ഈ വെള്ളംകൊണ്ട് മുഖം കഴുകുകയും കുളിക്കുകയും മറ്റും ചെയ്യുമ്പോഴും രോഗകാരികളായ അമീബയുടെ സാന്നിദ്ധ്യം ഉണ്ടായിക്കൂടായ്കയില്ലത്രേ. അതിനാൽ നാം ഉപയോഗിക്കുന്ന കിണർവെള്ളം ക്ലോറിനേറ്റ് ചെയ്ത് അണുനാശനം നടത്തണമെന്നാണ് വിദഗ്ദ്ധ ഉപദേശം.

‘നമുക്ക് നാമേ പണിവത് നാകം നരകവുമതുപോലെ’ എന്നത് ജീവന്റെ ഹരിതകമായ വെള്ളത്തിന്റെ കാര്യത്തിലും യാഥാർത്ഥ്യമായിരിക്കുന്നു. നദികളിലും കുളങ്ങളിലും അതിരാവിലെ മുങ്ങിക്കുളിച്ച് വസ്ത്രങ്ങൾ അടിച്ച് നനച്ച് ശുചിയാക്കി ദിവസം ആരംഭിച്ചിരുന്ന മലയാളി ഇന്നിതാ വെള്ളത്തെ ഭയപ്പാടോടെ കാണുന്നു എന്നതാണവസ്ഥ. ‘വെളുക്കുമ്പോൾ കുളിക്കേണം വെളുത്തുള്ള തുടുക്കേണം വെളുപ്പിൽ ക്ഷേത്രദൈവത്തെ തൊഴുതീടേണം‘ എന്ന വരികൾ പരമ്പരാഗത കേരളീയശീലത്തിന്റെ വാങ്മയ ചിത്രമാണ്. ഒരുകാലത്ത് ഭക്ഷണം പാകം ചെയ്യാൻ വെള്ളമെടുക്കാൻ മാത്രം വീട്ടുവളപ്പിൽ പ്രത്യേക കുളങ്ങളുണ്ടായിരുന്നു. പുഞ്ചപ്പാടങ്ങളിലേക്ക് വെള്ളമെത്തിക്കാൻ തലക്കുളങ്ങളിൽനിന്ന് പാടശേഖരങ്ങളുടെ ഓരം ചേർന്ന് ഒഴുകിയിരുന്ന കൈത്തോടുകളിലെ വെള്ളം കൈക്കുടന്നയിൽ കോരിക്കുടിച്ച് കർഷകരും കർഷകത്തൊഴിലാളികളും ദാഹം തീർത്തിരുന്നു. ‘തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ച് എന്തു മധുരമെന്നോതുവാൻ മോഹം’ എന്ന മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി. -യുടെ വരികളും അറിയാതെ മനസ്സിലേക്കോടിയെത്തുന്നു. പക്ഷേ ഇന്നിതാ രോഗാണുക്കളെ ഭയന്ന് കുറേക്കാലംകൂടി ആരോഗ്യത്തോടെ ജീവിക്കണമെന്ന മോഹത്താൽ ഒന്നു മുങ്ങിക്കുളിക്കാനും കിണർവെള്ളം കോരിക്കുടിക്കാനും കഴിയാത്ത അവസ്ഥയിലെത്തിയിരിക്കുന്നു നമ്മൾ മലയാളികൾ.

ഒരു പക്ഷേ ഇന്ത്യയിൽ ഏറ്റവുമധികം കിണർ സാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. പക്ഷേ ഈ കിണറുകളുമായി നമുക്ക് യാതൊരു ബന്ധവുമില്ലെന്നതാണ് പരമാർത്ഥം. അടുക്കളയിലെ സ്വിച്ചിട്ടാൽ മോട്ടോർ പ്രവർത്തിക്കുന്നു. കിണറിൽ നിന്ന് വെള്ളം വീടിന് മുകളിലെ ടാങ്കിൽ നിറയുന്നു. ടാപ്പ് തിരിച്ചാൽ ഇഷ്ടാനുസരണം വെള്ളമൊഴുകിയെത്തുകയും നാം ധാരാളിത്തത്തോടെ ഉപയോഗിക്കുകയും ചെയ്യുന്നു. ജലസ്രോതസ്സായ കിണർ നമ്മളിലേറെപ്പേരും കാണുന്നില്ല. കിണറിനുള്ളിൽ പെരുച്ചാഴിവീണ് ചത്ത് വീർത്ത് ദിവസങ്ങളോളം കിടന്നാൽപോലും നാം അറിയുന്നില്ല. വെള്ളത്തിന് വല്ലാത്ത ദുർഗന്ധം അനുഭവപ്പെടുമ്പോഴാണ് കിണറിനുള്ളിലേക്ക് ഒന്നു നോക്കുക!

കിണർവെള്ളം പമ്പുചെയ്ത് സംഭരിക്കുന്ന വാട്ടർ ടാങ്കുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ആറ് മാസത്തിലൊരിക്കലെങ്കിലും ജലസംഭരണികളായ ഈ ടാങ്കുകൾ നാം കഴുകി വൃത്തിയാക്കാറുണ്ടോ? സ്ഥിരമായി കിണർവെള്ളം സംഭരിക്കുന്ന ടാങ്കുകളുടെ അടിഭാഗത്ത് അഴുക്കും ചെളിയും അടിഞ്ഞുകൂടുക സ്വാഭാവികമാണ്. വർഷംതോറും കിണർ ഇറച്ച് പടവുകൾ അഥവാ അരിഞ്ഞാണം കഴുകി വൃത്തിയാക്കുകയും കിണറിനടിയിൽ ഊറിക്കൂടുന്ന മാലിന്യങ്ങളും ചെളിയും വാരിക്കളയുകയും ഉപ്പുപരലും ചിരട്ടക്കരിയും മഞ്ഞളും മറ്റുമിട്ട് കിണർവെള്ളം ശുചിയാക്കുകയും ചെയ്തിരുന്നു. രോഗകാരികളായ അമീബയാകട്ടെ മറ്റ് രോഗാണുക്കളാകട്ടെ അവയെ പ്രതിരോധിക്കാനുള്ള പ്രായോഗിക മാർഗങ്ങളായിരുന്നു ഇതൊക്കെയും. സർവ്വോപരി കിണറും കിണറിന്റെ

പരിസരവും ശുചിത്വത്തോടെ സംരക്ഷിക്കാൻ നമ്മുടെ പൂർവ്വികർ ജാഗ്രതയോടെ ശ്രദ്ധിച്ചിരുന്നു.

ഇന്ന് നമ്മുടെ നാട്ടിലെ കുളങ്ങളുടെയും പുഴകളുടെയും ശുദ്ധജല തടാകങ്ങളുടെയും റിസർവ്വോയറുകളുടെയും അടക്കമുള്ള ജലസ്രോതസ്സുകളുടെ അവസ്ഥ പരമദയനീയമല്ലേ. നാട്ടിലെ മാലിന്യങ്ങൾ മുഴുവൻ വലിച്ചെറിയുന്ന, പായൽ നിറഞ്ഞ് കണ്ടാൽ അറപ്പ് തോന്നിക്കുന്ന അവസ്ഥയിലാണ് ഒട്ടുമിക്ക കുളങ്ങളും പുഴകളുമെല്ലാം. സ്വകാര്യ കുളങ്ങൾ, പഞ്ചായത്തു കുളങ്ങൾ, കരിങ്കൽഖനന കുളങ്ങൾ, അമ്പലക്കുളങ്ങൾ, ഗ്രാമീണകുളങ്ങൾ എന്നിവയെല്ലാംകൂടി എടുത്താൽ ഏകദേശം അരലക്ഷത്തോളം ചെറുതും വലുതുമായ കുളങ്ങൾ ഉണ്ടെന്നാണ് ലഭ്യമായ കണക്ക്. തീർത്ഥക്കുളങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന ക്ഷേത്രങ്ങളോട് ചേർന്ന കുളങ്ങൾപോലും ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണെന്നതാണ് സത്യം. ദേവന് അഥവാ ദേവിക്ക് പൂജ ചെയ്യുന്ന പൂജാരിമാർ രാവിലെയും വൈകുന്നേരവും ക്ഷേത്രക്കുളത്തിൽ കുളിച്ചശേഷം ക്ഷേത്രനട തുറന്ന് ശ്രീകോവിലിൽ പ്രവേശിച്ചിരുന്ന കാലം കഴിഞ്ഞു. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. യാതൊരു വിധ സംരക്ഷണവും ശുചീകരണവുമില്ലാതെ കിടക്കുന്ന ഈ കുളങ്ങളിൽ ദേഹശുദ്ധി വരുത്തിയാൽ അത് മാറാരോഗങ്ങൾക്ക് കാരണമാകുമെന്ന് മാത്രമല്ല ദേവന് അഹിതമായി മാറുകയും ചെയ്യും.

ഈ ലേഖകന്റെ ഗ്രാമത്തിലെ ആയിരത്തി ഇരുന്നൂറ് വർഷത്തിലേറെ പുരാതനത്വമുള്ള ക്ഷേത്രക്കുളംതന്നെ ഈ ദുരവസ്ഥയുടെ നേർസാക്ഷ്യമാണ്. ഒരു കാലത്ത് ഞങ്ങളുടെ ഗ്രാമത്തിലെ കുട്ടികൾ നീന്തൽ വശമാക്കിയിരുന്ന, എല്ലാവരും പ്രഭാതത്തിലെത്തി മുങ്ങിക്കുളിച്ചിരുന്ന, പൂജാരിമാർക്ക് കുളിക്കാൻ മാത്രം പ്രത്യേകം കുളിക്കടവുണ്ടായിരുന്ന ഒരു നാടിന്റെ ഭൂഗർഭ ജലസ്രോതസ്സായിരുന്ന കുളത്തിൽ ഇന്നാരും കുളിക്കാറില്ല. മുള്ളൻപായൽ നിറഞ്ഞ്, സമീപത്തെ കാവിൽ നിന്നുള്ള കരിയിലകൾ വീണ് വെള്ളം മലീമസമായിരിക്കുന്നു. ഇതൊരു പ്രദേശത്തിന്റെയൊ ഗ്രാമത്തിന്റെയോ മാത്രം അവസ്ഥയല്ല. കേരളത്തിലെ ഒട്ടുമിക്ക കുളങ്ങളുടേയും ജലാശയങ്ങളുടേയും ജീർണാവസ്ഥയുടെ മുഖചിത്രമാണിത്.

കാലവർഷം തിമിർത്ത് പെയ്ത് പുഴകളിൽ വെള്ളം നിറഞ്ഞ് വർഷത്തിലൊരിക്കലെങ്കിലും നന്നായി ഒഴുകി ജലനിർഗമനം നടക്കുന്നതുകൊണ്ടാണ് നമ്മുടെ നാൽപത്തിനാല് നദികളും ഇനിയും മരിക്കാതെ നിലനിൽക്കുന്നത്. എല്ലാ ഖരമാലിന്യങ്ങളും വലിച്ചെറിയുന്നത് പുഴയിലേക്കാണ്. ബ്രോയിലർ കോഴിയിറച്ചി വില്പന കേന്ദ്രങ്ങളിലെ ചാക്കിൽ നിറച്ച മാലിന്യങ്ങളെല്ലാം മിക്കപ്പോഴും പുഴയോരങ്ങളിൽ തള്ളുകയാണ്. എന്തിനേറെ ടാങ്കർ ലോറികളിൽ നിറച്ചുകൊണ്ടുവരുന്ന കക്കൂസ് മാലിന്യങ്ങൾപോലും രാത്രിയുടെ മറവിൽ പുഴകളിലേക്കും ജലാശയങ്ങളിലേക്കും ഒഴുക്കുന്നു.

ഇതാ ഈ പശ്ചാത്തലത്തിൽ വേണം അത്യപൂർവ്വമായി മാത്രം മനുഷ്യരെ കടന്നാക്രമിച്ചിരുന്ന മസ്തിഷ്കജ്വരം പോലെ മരണം വിതയ്ക്കുന്ന മാരകരോഗവാഹികളായ അമീബയും മറ്റും സാർവ്വത്രികമായി മാറുന്നതെന്ന കാര്യം യാഥാർത്ഥ്യബോധത്തോടെ നാം കാണേണ്ടതുണ്ട്. ഓരോ കൈക്കുമ്പിൾ ജലത്തിലും ഗംഗയേയും യമുനയേയും ഗോദാവരിയേയും പ്രാർത്ഥനാനിരതമായ മനസ്സോടെ പവിത്രതയോടെ കണ്ടിരുന്ന ഒരു തലമുറയുടെ പിന്മുറക്കാരാണ് നാം. നിത്യേന കുളിക്കുന്ന ജലസ്രോതസ്സ് ഏതെങ്കിലും വിധത്തിൽ മലിനമാക്കിയാൽ നരകത്തിലേക്ക് പോകും എന്നായിരുന്നു പൂർവ്വികമായ വിശ്വാസം. അത് തന്നെയല്ലേ ഇവിടെ സംഭവിച്ചിരിക്കുന്നത്. ഫലപ്രദമായ ചികിത്സയില്ലാത്ത രോഗത്താൽ ജീവിതം നരകസമാനമായി മാറുകയും മസ്തിഷ്ക ജ്വരത്തിലൂടെ മരണത്തിലേക്ക് നാം നടന്നടുക്കുകയും ചെയ്യുന്നു.

ഇതൊരു സൂചനമാത്രമാണ്. ഈ മഹാപ്രകൃതിയും ആവാസവ്യവസ്ഥയും നമുക്ക് നൽകുന്ന സൂചനയായി വേണം മസ്തിഷ്കജ്വരമെന്ന മഹാവ്യാധിയെ നാം കാണേണ്ടത്. കിടന്നുറങ്ങുന്ന കട്ടിലിനടിയിൽ അണുബോംബ് സൂക്ഷിച്ചിരിക്കുന്ന അവസ്ഥയിലാണ് നമ്മുടെ നാട്. ആറുവരി പാതയും കെ-റെയിലുമടക്കമുള്ള അതിശീഘ്ര സംവിധാനങ്ങളെല്ലാം നമുക്ക് വേണം. പക്ഷേ ഈ അതിവേഗപാതയിൽ സഞ്ചരിക്കാൻ മനുഷ്യർ ഇവിടെ അവശേഷിക്കേണ്ടതുണ്ട്. മണ്ണും ജലവും അന്തരീക്ഷവും അടിമുടി മലീമസമാകുമ്പോൾ ജീവന് ഭീഷണിയാകുന്ന രോഗാണുക്കളും അതിന്റെ ബാക്കി പത്രമാണ്. ശുചിത്വസംസ്കാരം സ്വജീവിതത്തിലൂടെ ജനമനസ്സുകളിലേക്ക് സന്നിവേശിപ്പിച്ച മഹാത്മജിയിലേക്ക് മടങ്ങാം. അടുത്ത ഒക്ടോബർ 2 എത്തുമ്പോഴേക്കും അതായത് വരുന്ന ഒരു വർഷക്കാലം കേരളത്തിലെ മുഴുവൻ ജലസ്രോതസ്സുകളുടെയും ശുചിത്വവും പുനരുജ്ജീവനവും ലക്ഷ്യമാക്കിയുള്ള 'ജല സംരക്ഷണ സുരക്ഷിതത്വ മഹായജ്ഞം' എന്നത് മറ്റെല്ലാ വികസനപദ്ധതികളേക്കാൾ പ്രഥമ അജൻഡയായി മാറിയെങ്കിൽ, മസ്തിഷ്കജ്വര രോഗത്തിനുള്ള ചികിത്സപോലെ പ്രധാനമാണ് രോഗവ്യാപനത്തിന് വഴിയൊരുക്കുന്ന, വെന്റിലേറ്ററിലായ നമ്മുടെ ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനായുള്ള അടിയന്തിര ചികിത്സയും. •

റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി

1. ധനസഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാൻ ഓൺലൈൻ അപേക്ഷ

റബ്ബർബോർഡ് നടപ്പാക്കുന്ന റബ്ബർകൃഷിവികസനപദ്ധതികളിലെ ആനുകൂല്യങ്ങൾ നേടാൻ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 ഒക്ടോബർ 17 വെള്ളിയാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ ഫോണിലൂടെ മറുപടി പറയും.

2. റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ

റബ്ബറധിഷ്ഠിതവ്യവസായങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് റബ്ബർബോർഡിന്റെ റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (Rubber Products Incubation Centre - RPIC) നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2025 ഒക്ടോബർ 29 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഷേറ മാത്യു മറുപടി പറയും.

3.ആദായം കൂട്ടാൻ നിയന്ത്രിതകമിഴ്ത്തിവെട്ട്

റബ്ബർമരങ്ങളിലെ നിയന്ത്രിതകമിഴ്ത്തിവെട്ടുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2025 നവംബർ 5 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എം.ജെ. റെജു മറുപടി പറയും.

കോൾസെന്റർ ഫോൺ നമ്പർ 0481 2576622

റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

തീയതി	ആഭ്യന്തരവില					അന്താരാഷ്ട്രവില	
	കോട്ടയം			കൊച്ചി		ബാങ്കോക്ക്	
	ആർഎസ്എസ് 4	ആർഎസ്എസ് 5	60% ലാറ്റക്സ്	ആർഎസ്എസ് 4	ആർഎസ്എസ് 5	ആർഎസ്എസ് 3	ആർഎസ്എസ് 4
2025 സെപ്റ്റംബർ 1	19050	18750	13210	19050	18750	18763	18681
2025 സെപ്റ്റംബർ 2	19100	18800	13210	19100	18800	18980	18898
2025 സെപ്റ്റംബർ 3	19150	18850	13210	19150	18850	19037	18955
2025 സെപ്റ്റംബർ 4	19150	18850	13210	19150	18850	18877	18795
2025 സെപ്റ്റംബർ 5	അവധി	അവധി	അവധി	അവധി	അവധി	19064	18982
2025 സെപ്റ്റംബർ 6	19150	18850	അവധി	19150	18850	അവധി	അവധി
2025 സെപ്റ്റംബർ 7	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 സെപ്റ്റംബർ 8	19150	18850	13105	19150	18850	19202	19119
2025 സെപ്റ്റംബർ 9	19150	18850	13105	19150	18850	19150	19067
2025 സെപ്റ്റംബർ 10	19100	18800	13105	19100	18800	19228	19144
2025 സെപ്റ്റംബർ 11	18900	18600	12995	18900	18600	19087	19004
2025 സെപ്റ്റംബർ 12	18800	18500	12890	18800	18500	18928	18845
2025 സെപ്റ്റംബർ 13	18700	18400	അവധി	18700	18400	അവധി	അവധി
2025 സെപ്റ്റംബർ 14	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 സെപ്റ്റംബർ 15	18600	18300	12785	18600	18300	19053	18970
2025 സെപ്റ്റംബർ 16	18600	18300	12785	18600	18300	19056	18973
2025 സെപ്റ്റംബർ 17	18600	18300	12785	18600	18300	19037	18953
2025 സെപ്റ്റംബർ 18	18600	18300	12785	18600	18300	18835	18752
2025 സെപ്റ്റംബർ 19	18600	18300	12890	18600	18300	18735	18652
2025 സെപ്റ്റംബർ 20	18600	18300	അവധി	18600	18300	അവധി	അവധി
2025 സെപ്റ്റംബർ 21	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 സെപ്റ്റംബർ 22	18600	18300	12890	18600	18300	18753	18670
2025 സെപ്റ്റംബർ 23	18600	18300	12890	18600	18300	18755	18672
2025 സെപ്റ്റംബർ 24	18600	18300	12785	18600	18300	18809	18726
2025 സെപ്റ്റംബർ 25	18700	18400	12785	18700	18400	18688	18605
2025 സെപ്റ്റംബർ 26	18800	18400	12785	18800	18400	18449	18366
2025 സെപ്റ്റംബർ 27	18800	18400	അവധി	18800	18400	അവധി	അവധി
2025 സെപ്റ്റംബർ 28	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 സെപ്റ്റംബർ 29	18850	18450	12785	18850	18450	18345	18263
2025 സെപ്റ്റംബർ 30	18850	18450	12785	18850	18450	18202	18119
ശരാശരി	**18832**	**18516**	**12942**	**18832**	**18516**	**18865**	**18782**

തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്

പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച്	ജൂൺ 2025	ജൂൺ 2024	ഏപ്രിൽ 2025 മുതൽ ജൂൺ 2025 വരെ	ഏപ്രിൽ 2024 മുതൽ ജൂൺ 2024 വരെ	ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	(3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ
	(1)	(2)	(3)	(4)	(5)	(6)
ഉത്പാദനം (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	34000	34700	78750	73600	550875	
ബ്ലോക്കുറബ്ബർ	15100	15360	45650	41110	197500	
സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.)	6750	8400	21600	22700	107350	
മറ്റുള്ളവ	1150	1540	3000	3590	19275	
ആകെ	**57000**	**60000**	**149000**	**141000**	**875000**	5.7
ഉപഭോഗം* (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	52200	49500	158200	152450	584950	
ബ്ലോക്കുറബ്ബർ	56800	58000	164400	171350	680700	
സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.)	9100	8800	29000	24500	108700	
മറ്റുള്ളവ	3900	2200	11400	7700	35650	
ആകെ	**122000**	**118500**	**363000**	**356000**	**1410000**	2.0
ടയർനിർമ്മാണത്തിനുപയോഗിച്ചത്	**77738**	**82946**	**227579**	**245841**	**946230**	**-7.4**
ഇറക്കുമതി/കയറ്റുമതി (ടൺ)						
ഇറക്കുമതി (p)	36505	35375	118597	121161	550918	
കയറ്റുമതി (p)	103	759	602	1248	4839[R]	

2025 ജൂൺ അവസാനത്തെ സ്റ്റോക്ക് (ടൺ)

കർഷകർ	43000	ഷീറ്റുറബ്ബർ	175000
കച്ചവടക്കാർ, സംസ്കർത്താക്കൾ	87500	ബ്ലോക്കുറബ്ബർ	66000
ടയർനിർമ്മാതാക്കൾ (C)	107000	റബ്ബർപാൽ (ഡി. ആർ. സി.)	25000
മറ്റു വ്യവസായികൾ	48500	മറ്റുള്ളവ	20000
ആകെ	**286000**	**ആകെ**	**286000**

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
C- ട്രാൻസിറ്റ് ഉൾപ്പെടെ. R- പുതുക്കിയ കണക്കുകൾ പ്രകാരം (ഡി.ജി.സി.ഐ. & എസ്., കൊൽക്കൊത്ത)
തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്

തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



Alleppey Latex P Ltd
Maniyamkulam, Chennadu P.O, Kottayam- 686581
37 വർഷത്തെ സേവന പാരമ്പര്യം
കർഷകന് പരമാവധി വില
നൽകി റബ്ബർപാൽ സംഭരിക്കുന്നു.
Hazzle Free Transaction.
സുതാര്യമായ ബാങ്ക് ഇടപാടുകൾ, കൃത്യമായ അളവ്, തൂക്കം DRC
Assured Market.
കേരളത്തിലെ വിപണി വിലയ്ക്കു വിൽക്കുവാൻ കൃഷിക്കാർക്ക് എല്ലാ ദിവസവും അവസരം.
94953 61444
89431 51444
GroRight Rubber
Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.
+91 76249 70524, 94491 22424
grorightrubber@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 October 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment

റബ്ബർകർഷകർക്ക് ഒരു
സമ്പൂർണ പ്രസിദ്ധീകരണം

റബ്ബർ
മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ 100 രൂപ
10 വർഷത്തേക്ക് 750 രൂപ

കൂടുതൽ വിവരങ്ങൾക്ക്
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481 2576622

Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar